07
ശനി
ജനുവരി 2023
1198 ധനു 23
Vol0 5 Issue No.98

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:
തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 04
www.keralapranamam.com
infokeralapranamam@gmail.com

## ജഡ്ജി നിയമനം: കേന്ദ്രം മടക്കിയത് 22 പേരുകൾ

# അതൃപ്തി ആവർത്തിച്ച് സുപ്രീം കോടതി



**ന്യൂഡൽഹി :** ജഡ്ജിമാരായി നിയമിക്കുന്നതിനു കൊളീജിയം ശുപാർശ ചെയ്ത 22 പേരുകൾ കേന്ദ്രസർക്കാർ മടക്കി അയച്ചുവെന്നു സുപ്രീം കോടതി വെളിപ്പെടുത്തി. ആവർത്തിച്ചു നൽകിയ പേരുകൾ പോലും മടക്കുന്നതായി കോടതി പറഞ്ഞു. ജഡ്ജിമാരുടെ സ്ഥലംമാറ്റം സംബന്ധിച്ച ശുപാർശയിലെ തീരുമാനം കേന്ദ്രം വൈകിപ്പിക്കുന്നതിലും കോടതി ആശങ്ക പ്രകടിപ്പിച്ചു. തീരുമാനം വൈകുന്നതു ബാഹ്യഇടപെടലുണ്ടെന്ന പ്രതീതി സൃഷ്ടിക്കുമെന്ന് ഈ വിഷയം പരിഗണിച്ച ബെഞ്ചിലെ ജസ്റ്റിസ് സഞ്ജയ് കിഷൻ കൗൾ പറഞ്ഞു.

10 ജഡ്ജിമാരുടെ സ്ഥലംമാറ്റ ശുപാർശയിൽ തീരുമാനം വൈകുന്നതാണു കോടതിയെ ചൊടിപ്പിച്ചത്. ഭരണപരമായ സൗകര്യത്തിനാണു സ്ഥലംമാറ്റുന്നത്. ഇതു വൈകിപ്പിക്കേണ്ട കാര്യമില്ല. സ്ഥലംമാറ്റപ്പെടുന്ന ജഡ്ജിമാരോടും ചീഫ് ജസ്റ്റിസുമാരോടും ഉൾപ്പെടെ വിശദമായി സംസാരിച്ചാണ് ഇക്കാര്യത്തിൽ ശുപാർശ നൽകുന്നതെന്നും കോടതി പറഞ്ഞു.

ജഡ്ജിമാരുടെ നിയമനത്തിന് ഹൈക്കോടതി കൊളീജിയം ശുപാർശ ചെയ്തിട്ടും തങ്ങൾ അംഗീകരിക്കാതിരുന്ന ചില പേരുകൾ കേന്ദ്ര സർക്കാർ ഇങ്ങോട്ടു നൽകിയെന്നും ബെഞ്ച് സൂചിപ്പിച്ചു. പേരുകൾ കേന്ദ്രം മടക്കുന്നതിൽ എന്തുചെയ്യാനാകുമെന്ന് കൊളീജിയം തന്നെ തീരുമാനം എടുക്കട്ടെയെന്നു ജസ്റ്റിസ് അഭയ് എസ്.ഓക്ക കൂടി ഉൾപ്പെട്ട ബെഞ്ച് നിർദേശിച്ചു.

കൊളീജിയം ശുപാർശകളെച്ചൊല്ലി സർക്കാരും കോടതിയും തമ്മിൽ കുറച്ചു കാലമായുള്ള ഏറ്റുമുട്ടലിന്റെ തുടർച്ചയാണ് ഇന്നലെയും പ്രതിഫലിച്ചതെങ്കിലും അനുനയ സമീപനമാണ് കേന്ദ്ര സർക്കാരിൽനിന്നുണ്ടായത്. നിയമനത്തിനു കോടതി നൽകിയ സമയക്രമം പാലിക്കുമെന്നും ശേഷിക്കുന്ന ശുപാർശകളുടെ കാര്യത്തിൽ ഉടൻ തീർപ്പുണ്ടാക്കുമെന്നും അറ്റോർണി ജനറൽ ആർ.വെങ്കിട്ടരമണി ഉറപ്പു നൽകി. ഇക്കാര്യത്തിൽ വ്യക്തിപരമായി തന്നെ മേൽനോട്ടം വഹിക്കുമെന്നും അദ്ദേഹം അറിയിച്ചു.

ഹൈക്കോടതി ജഡ്ജി നിയമനത്തിനുള്ള 44 പേരുകളുടെ കാര്യത്തിൽ ഇന്നു തന്നെ തീർപ്പുണ്ടാക്കും. ബാക്കിയുള്ളവയുടെ കാര്യത്തിലും വൈകാതെ തീരുമാനമെടുക്കുമെന്ന് എജി അറിയിച്ചു. കേന്ദ്രത്തിനു നൽകിയ 104 ശുപാർശകളാണു തീരുമാനമാകാനുള്ളത്.

സുപ്രീം കോടതി ജഡ്ജിമാരായി നിയമിക്കാൻ 5 പേരുകൾ കഴിഞ്ഞ ഡിസംബറിൽ ശുപാർശ ചെയ്തതിനെക്കുറിച്ചും കോടതി ആരാഞ്ഞെങ്കിലും ഈ വിഷയം പരിഗണിക്കുന്നതു മാറ്റിവയ്ക്കണമെന്നു എജി അഭ്യർഥിച്ചു.

ഇതംഗീകരിച്ചെങ്കിലും ഇനിയും കൂടുതൽ സമയം എടുക്കരുതെന്നു കോടതി നിർദേശിച്ചു. ആ പേരുകാരിൽ പലരും ഹൈക്കോടതി ചീഫ് ജസ്റ്റിസുമാരോ സീനിയർ ഹൈക്കോടതി ജഡ്ജിമാരോ ആണെന്നതും ഓർമിപ്പിച്ചു. അനുവദനീയ അംഗബലം 34 ആണെങ്കിലും നിലവിൽ 27 ജഡ്ജിമാർ മാത്രമാണ് സുപ്രീം കോടതിയിലുള്ളത്. ഹർജി ഫെബ്രുവരി മൂന്നിനു പരിഗണിക്കാനായി മാറ്റി.

**'മടക്കുന്നത് പതിവാക്കി'**

കൊളീജിയം ഒരു പേരു നൽകിയാൽ ആ കൊളീജിയം അംഗങ്ങൾ മാറുന്നതു വരെ കാത്തിരുന്ന് ശുപാർശ മടക്കുന്നതു സാധാരണയായി മാറിയെന്ന് മുതിർന്ന അഭിഭാഷകൻ പ്രശാന്ത് ഭൂഷൺ വാദത്തിനിടെ ചൂണ്ടിക്കാട്ടി. കൊളീജിയം ആവർത്തിക്കുന്ന പേരുകളുടെ കാര്യത്തിൽ തീരുമാനം അനന്തമായി നീട്ടിക്കൊണ്ടുപോകാനാകില്ലെന്നും അദ്ദേഹം പറഞ്ഞു. ഇതിനോടു ജസ്റ്റിസ് കൗളും യോജിച്ചു. നിയമനം വൈകുന്നതിനാൽ മിടുക്കരായ പലരും ജഡ്ജി പദവി തന്നെ വേണ്ടെന്നു വയ്ക്കുന്നവെന്ന് ഇന്നലെയും കോടതി ആവർത്തിച്ചു.



## സ്കൂൾ കലോത്സവം: സ്വർണക്കപ്പിനായി കണ്ണൂരും കോഴിക്കോടും പാലക്കാടും

**കോഴിക്കോട് :** സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ സ്വർണക്കപ്പിനായി കണ്ണൂരും കോഴിക്കോടും പാലക്കാടും. 745 പോയിന്റുമായി കോഴിക്കോട് കണ്ണൂരിനെ മറികടന്നു. 744 പോയിൻറുമായി കണ്ണൂർ തൊട്ടുപിന്നിലുണ്ട്. പാലക്കാട് 735 പോയിൻറുമായി മൂന്നാമതാണ്. അപ്പീലുകളുമായി എത്തിയ 78 മത്സരങ്ങളുടെ ഫലം തടഞ്ഞുവച്ചിരിക്കുകയാണ്

## ശബരിമല തീർഥാടകരുടെ ബസ് മറിഞ്ഞ് 14 പേർക്ക് പരുക്ക്; 5 പേരുടെ നില ഗുരുതരം

**ശബരിമല** തീർഥാടകരുടെ ബസ് മറിഞ്ഞ് 14 പേർക്ക് പരുക്ക്; 5 പേരുടെ നില ഗുരുതരംകോട്ടയംന്മ രാമപുരം മാനത്തൂരിൽ ശബരിമല തീർഥാടകരുടെ ബസ് അപകടത്തിൽപ്പെട്ട് 14 പേർക്ക് പരുക്കേറ്റു. 5 പേരുടെ നില ഗുരുതരമാണ്. പുലർച്ചെ ഒരു മണിയോടെ തൊടുപുഴപാലാ റോഡിലാണ് അപകടമുണ്ടായത്.

തമിഴ്നാട്ടിലെ വെല്ലൂരിൽ നിന്നും വന്ന വാഹനമാണ് അപകടത്തിൽപ്പെട്ടത്. റോഡരികിലെ മതിലിലേക്ക് ഇടിച്ചുകയറി അപകടമുണ്ടായെന്നാണ് വിവരം.

## വിസി അറിയാതെ താൽക്കാലിക ജീവനക്കാരെ നിയമിക്കൽ: വിജ്ഞാപനം റദ്ദാക്കി ഗവർണർ



**തിരുവനന്തപുരം :** സാങ്കേതിക സർവകലാശാലയിൽ വൈസ് ചാൻസലർ അറിയാതെ ദിവസവേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ അപേക്ഷ ക്ഷണിച്ചു റജിസ്ട്രാർ ഇറക്കിയ വിജ്ഞാപനം ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ റദ്ദാക്കി. റജിസ്ട്രാറുടെ ഭാഗത്തുനിന്നു വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹത്തിനെതിരെ നടപടി സ്വീകരിക്കാനും വിസി ഡോ.സിസ തോമസിനു ഗവർണർ നിർദേശം നൽകി. കെടിയുവിലെ താൽക്കാലിക നിയമനങ്ങളുടെ വിജ്ഞാപനം പുറത്തിറക്കിയത് തന്റെ അറിവോ സമ്മതമോ കൂടാതെയാണെന്നു വൈസ് ചാൻസലർ ഡോ.സിസ തോമസ് ഗവർണർക്ക് റിപ്പോർട്ട് നൽകിയിരുന്നു. സ്ഥിരം നിയമനം നടത്തുന്നതു വരെ സർവകലാശാലയിലെ ജോലികൾ തുടരുന്നതിനു താൽക്കാലികക്കാർ വേണമെന്നും ജീവനക്കാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ പിഎസ്‌സി റാങ്ക് പട്ടികയിൽ നിന്നോ നിയമിക്കാവുന്നതാണെന്നും വിസി അറിയിച്ചിരുന്നു. പരീക്ഷാ വിഭാഗത്തിലെ രഹസ്യ സ്വഭാവമുള്ള ജോലികൾ ഉൾപ്പെടെ താൽക്കാലിക ജീവനക്കാരാണ് ചെയ്യുന്നതെന്നു സർവകലാശാലാ ജീവനക്കാരുടെ പ്രതിപക്ഷ സംഘടന ഗവർണർക്കു പരാതി നൽകിയിരുന്നു. തുടർന്നാണു വിസിയോട് ഗവർണർ വിശദീകരണം തേടിയത്.

സർവകലാശാലയിൽ 56 സ്ഥിരം ജീവനക്കാരും 114 താൽക്കാലികക്കാരുമാണ് ഉള്ളത്. സ്ഥിരം ജീവനക്കാരില്ലാത്തതു പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്.100 അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കാൻ സർക്കാരിനോട് അനുമതി തേടിയെങ്കിലും താൽക്കാലികക്കാരെ നിയമിക്കാനാണ് സർക്കാർ അനുവാദം നൽകിയത്. പിഎസ്‌സി വഴിയുള്ള സ്ഥിരം നിയമനം ഒഴിവാക്കുകയാണ് ലക്ഷ്യം. 100 പേരെ താൽക്കാലികമായി നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചിരിക്കുകയാണ്. വിസിയുടെ അറിവോ സമ്മതമോ കൂടാതെയാണ് റജിസ്ട്രാർ വിജ്ഞാപനം ഇറക്കിയത്. 18,000 മുതൽ 30,000 രൂപ വരെയാണ് വിവിധ തസ്തികകളിൽ ശമ്പളം. അഡ്മിനിസ്ട്രേഷൻ അസിസ്റ്റന്റ്, ഇ ഗവേണൻസ് സ്റ്റാഫ്, ഡ്രൈവർമാർ, അറ്റൻഡർമാർ, സ്വീപ്പർമാർ എന്നിവരെ സിൻഡിക്കേറ്റ് നേരിട്ട് നിയമിക്കുകയായിരുന്നു.

## ക്ഷേമപെൻഷൻ വിതരണം: സർക്കാർ നൽകാനുള്ള ഇൻസെന്റീവ് കുടിശ്ശിക 140 കോടി

**തിരുവനന്തപുരം :** ക്ഷേമപെൻഷൻ വിതരണം ചെയ്ത സഹകരണ സംഘങ്ങൾക്ക് സർക്കാർ നൽകാനുള്ള ഇൻസെൻറീവ് കുടിശ്ശിക 140 കോടി രൂപ. പുതിയ ഉത്തരവ് പ്രകാരം മുൻകാല പ്രാബല്യത്തോടെ ഇൻസെൻറീവ് വെട്ടിക്കുറച്ചതോടെ അവശേഷിക്കുന്നത് 98 കോടി രൂപയും. 2021 നവംബർ മുതൽ സർക്കാർ ഇൻസെൻറീവ് തുക നൽകാത്തതോടെ സഹകരണ സംഘങ്ങളും ക്ഷേമപെൻഷൻ വീട്ടിലെത്തിച്ചു നൽകുന്ന ഏജൻറുമാരും പ്രതിസന്ധിയിലായി.

മുൻകാല പ്രാബല്യത്തോടെ ഇൻസെൻറീവ് വെട്ടിക്കുറച്ചതിൽ സിഐടിയു ഉൾപ്പെടെ സഹകരണ മേഖലയിലുള്ള യൂണിയനുകൾ കടുത്ത പ്രതിഷേധത്തിലാണ്. ക്ഷേമപെൻഷൻ വീട്ടിലെത്തിച്ചു നൽകുന്ന ഏജൻസിക്ക് ഇതുവരെ പെൻഷൻ ഒന്നിന് 50 രൂപയായിരുന്നു ഇൻസെൻറീവ്. 40 രൂപ ഏജൻസിക്കും 10 രൂപ ഏജൻറിനും. 2021 നവംബറിന് ശേഷം സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് ഈ തുക നൽകിയിട്ടില്ല. കഴക്കൂട്ടം സർവീസ് സഹകരണബാങ്കിന് മൂന്നര ലക്ഷം രൂപ സർക്കാർ നൽകാനുണ്ട്.

എല്ലാ സഹകരണ സംഘങ്ങൾക്കുമായി നൽകാനുള്ള ഇൻസെൻറീവ് കുടിശിക 140 കോടിയാണ്. പുതിയ ഉത്തരവ് പ്രകാരം ഇൻസെൻറീവ് 30 രൂപയായി കുറച്ചു. 25 സഹകരണ സംഘത്തിനും 5 ഏജൻറിനും. ഇതിന് മുൻകാലപ്രാബല്യം നൽകിയതോടെ കുടിശിക 98 കോടിയായി കുറഞ്ഞു. ഈ തുക പോലും എന്നു നൽകുമെന്ന് ആർക്കുമറിയില്ല. ചില സഹകരണ സംഘങ്ങൾ സ്വന്തം ഫണ്ടിൽ നിന്നെടുത്ത് കഴിഞ്ഞ ഓണക്കാലത്ത് ഏജൻറുമാർക്ക് ഇൻസെൻറീവ് നൽകിയിരുന്നു. മാനുഷിക പരിഗണനവച്ചു ചെയ്തത് ഇപ്പോൾ തിരിച്ചടിച്ചു. ഏജൻറുമാരിൽനിന്ന് പണം തിരിച്ചുപിടിക്കേണ്ട ദുരവസ്ഥയാണ്

## 'വനപാലകർ സെല്ലിൽ കെട്ടിയിട്ട് മർദിച്ചു': ഡപ്യൂട്ടി റേഞ്ച് ഓഫിസർക്ക് സസ്പെൻഷൻ

**തിരുവനന്തപുരം :** യുവാവിനെ മർദിച്ചെന്ന പരാതിയിൽ കടമൻപാറ ഫോറസ്റ്റ് സ്റ്റേഷനിലെ ഡപ്യൂട്ടി റേഞ്ച് ഓഫിസർ എ.ജിൽസണെ സസ്പെൻഡ് ചെയ്തു. ആര്യങ്കാവ് റേഞ്ചിന് കീഴിൽ കടമൻപാറ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ ആര്യങ്കാവ് സ്വദേശി സന്ദീപിനാണ് മർദനമേറ്റത്. നവംബർ 18ന് ആയിരുന്നു സംഭവം.

വനപാലകർ സ്റ്റേഷനിലെ സെല്ലിൽ കെട്ടിയിട്ട് മർദിച്ചെന്നാണ് സന്ദീപിന്റെ പരാതി. ചന്ദന പ്ലാന്റേഷന് സമീപമുള്ള കൃഷിയിടത്തിൽനിന്ന് മടങ്ങുമ്പോൾ വഴിയിൽ വനപാലകരുമായി തർക്കം ഉണ്ടായെന്നും പിന്നീട് സ്റ്റേഷനിലെത്തിച്ച് മർദിച്ചെന്നുമാണ് സന്ദീപ് പറഞ്ഞത്. സെല്ലിനകത്ത് മുറിവേറ്റ് നിൽക്കുന്ന സന്ദീപിന്റെ ദൃശ്യങ്ങൾ പുറത്തുവന്നിരുന്നു.









കേരള പ്രണാമം
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി



## ജനത്തിന്റെ ക്ലീൻ ചിറ്റ് ലഭിക്കുമോ?

ഭരണഘടനാവിരുദ്ധ പരാമർശം നടത്തിയെന്ന ആരോപണത്തെ തുടർന്ന് രാജിവയ്ക്കേണ്ടിവന്ന സജി ചെറിയാൻ മന്ത്രിസ്ഥാനത്ത് തിരിച്ചെത്തിയെങ്കിലും വിവാദങ്ങൾ അവസാനിക്കുന്നില്ല. സജി ചെറിയാനെതിരായ നിയമനടപടികൾ തുടരാനുള്ള സാധ്യത ഇപ്പോഴുമുണ്ട്. അതിനാൽ രാജിവച്ച് മാസങ്ങൾക്കകമുള്ള തിരിച്ചുവരവ് അസാധാരണവും വിമർശകർക്ക് അവസരം നൽകുന്നതുമായി. ഇതു സർക്കാരിനും എൽ.ഡി.എഫിനും തലവേദനയാകുമെന്നുറപ്പ്. സത്യപ്രതിജ്ഞാ ചടങ്ങ് ബഹിഷ്ക്കരിച്ചതിലൂടെ പ്രതിപക്ഷം തങ്ങളുടെ നയം വ്യക്തമാക്കുകയും ചെയ്തു. ഭരണഘടനയെ അധിക്ഷേപിച്ചെന്ന ആരോപണം നിലനിൽക്കുന്ന വ്യക്തിയെ അതേ ഭരണഘടനയിൽ തൊട്ടാണ് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സത്യപ്രതിജ്ഞ ചെയ്യിപ്പിച്ചത്. ഗവർണർ സത്യപ്രതിജ്ഞയ്ക്ക് അനുമതി നൽകില്ലെന്ന പ്രതീക്ഷ സർക്കാരിന്റെ വിമർശകർക്ക് ഉണ്ടായിരുന്നു. എന്നാൽ ഗവർണറുടെ അനുമതി ലഭിച്ച് സത്യപ്രതിജ്ഞചെയ്തതോടെ രാഷ്ട്രീയക്കളത്തിൽ സർക്കാരിനു ലഭിച്ചതു വിജയപരിവേഷമാണ്.

സർക്കാരും ഗവർണറും തമ്മിൽ പൊരിഞ്ഞപോരെന്ന പ്രതീതി നിലനിൽക്കെത്തന്നെയാണ് സത്യപ്രതിജ്ഞയ്ക്കു അനുമതിയുണ്ടായതും. അസാധാരണമായ സാഹചര്യമാണിത്. എന്റെ ആശങ്ക മുഖ്യമന്ത്രിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ ആത്യന്തികമായി മുഖ്യമന്ത്രിയുടെ ശുപാർശ അംഗീകരിക്കുകയാണ്. ഇതായിരുന്നു സജി ചെറിയാനു വീണ്ടും അനുമതി നൽകിയശേഷം ഗവർണർ നടത്തിയ പ്രതികരണം. അറ്റോർണി ജനറലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഗവർണറുടെ തീരുമാനം. ഭരണഘടനയുടെ 164 -ാം അനുച്ഛേദം അനുസരിച്ച് മന്ത്രിമാരുടെ നിയമനകാര്യത്തിൽ മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം പ്രവർത്തിക്കാൻ ഗവർണർക്ക് ഉത്തരവാദിത്വമുണ്ട്. മുഖ്യമന്ത്രിയുടെ ശുപാർശ ഗവർണർ അംഗീകരിക്കാത്ത സാഹചര്യമുണ്ടായാൽ ഭരണഘടനയെ ഗവർണർ തന്നെ മറികടന്നതായി വരുമെന്നും അതിനാൽ വിയോജിപ്പ് രേഖപ്പെടുത്തി അനുമതി നൽകാമെന്നുമുള്ള ഉപദേശമാണ് ഗവർണർക്കു ലഭിച്ചത്. സർവകലാശാലാ വൈസ് ചാൻസലർമാരുടെ നിയമനത്തിലടക്കം ഒട്ടേറെ വിഷയങ്ങളിൽ സർക്കാരുമായി കൊമ്പുകോർത്തു നിൽക്കുന്ന ഗവർണർ ഈ വിഷയത്തിൽ പ്രതിപക്ഷം ആഗ്രഹിച്ചൊരു നടപടിക്ക് എതായാലും തുനിഞ്ഞില്ല. കേരളത്തിലെ യഥാർഥ പ്രതിപക്ഷം ഗവർണറാണെന്ന് ആവേശം കൊണ്ടിരുന്ന വിമർശകരെ ഗവർണറുടെ നടപടി നിരാശപ്പെടുത്തി. 182 ദിവസത്തെ ഇടവേളയ്ക്കുശേഷമാണ് പിണറായി മന്ത്രിസഭയിലേക്കുള്ള സജിചെറിയാന്റെ തിരിച്ചുവരവ്. സജിക്കെതിരായ കേസുകളിൽ കോടതിയുടെ അന്തിമതീർപ്പ് വരാത്ത സാഹചര്യത്തിൽ ഇനിയെന്തെങ്കിലും പ്രശ്നം ഉണ്ടായാൽ പൂർണ ഉത്തരവാദിത്വം സർക്കാരിന്റേത് ആയിരിക്കുമെന്നാണ് ഗവർണർ മുഖ്യമന്ത്രിയെ അറിയിച്ചിരിക്കുന്നത്. എതിരായ എന്തെങ്കിലും പരാമർശം ഉണ്ടായാൽ മന്ത്രി സജി ചെറിയാനു മാത്രമല്ല സർക്കാരിനുതന്നെ അതൊരു കനത്ത തിരിച്ചടിയാകും . എന്നാൽ, അതിനൊരു സാധ്യതയില്ലെന്ന വലിയ ആത്മവിശ്വാസം മുഖ്യമന്ത്രിയുടെ സമീപനങ്ങളിൽ കാണാനാകും

സജി ചെറിയാന്റെ വിവാദ പരാമർശത്തിൽ പോലീസ് നടപടികൾ സാധാരണ ജനങ്ങളെ സംബന്ധിച്ച് ഒട്ടും ദഹിക്കുന്നതായിരുന്നില്ല. തെളിവില്ലെന്ന് ചൂണ്ടിക്കാട്ടി അന്വേഷണം അവസാനിപ്പിച്ച രീതി ഏറെ പരിഹാസ്യമായി മാറി. ജാമ്യമില്ലാ വകുപ്പുപ്രകാരം കേസ് എടുത്തെങ്കിലും ചോദ്യം ചെയ്യൽ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് വിളിച്ചു വരുത്താൻ പോലും തയാറായില്ല. വീഡിയോ ഉൾപ്പെടെ ഉണ്ടായിട്ടും ശാസ്ത്രീയ തെളിവ് ശേഖരിക്കാൻ പോലീസ് തയാറാകാതിരുന്നതു കടുത്ത വിമർശനങ്ങൾക്ക് ഇടയാക്കി. പോലീസ് സമീപനത്തിലെ ഇരട്ടത്താപ്പുകൾക്ക് ഉദാഹരണമായി ഈ കേസും ഉയർത്തിക്കാട്ടുമെന്ന് ഉറപ്പ് പോലീസിനു തെളിവൊന്നും ലഭിച്ചില്ലെന്നു കരുതി സജി ചറിയാൻ കുറ്റക്കാരനല്ലെന്നു വരുമോ എന്നുള്ള ജനങ്ങളുടെ ന്യായമായ സംശയം ഇപ്പോഴും നിലനിൽക്കുന്നു. കഴിഞ്ഞ ജൂലൈയിൽ പത്തനംതിട്ട മല്ലപ്പിള്ളിയിൽ നടത്തിയ പ്രസംഗത്തിൽ സജി ചെറിയാൻ നടത്തിയ വിവാദ പരാമർശങ്ങൾ ഇപ്പോഴും ജനത്തിന്റെ കാതിലുണ്ട്. ഭരണഘടനയെ അവഹേളിച്ചെന്ന കേസിൽ കോടതിയുടെ അന്തിമതീർപ്പിനാണ് ജനം കാത്തിരിക്കുന്നത്. എം.എൽ.എ സ്ഥാനത്തുനിന്ന് സജിയെ അയോഗ്യനാക്കണമെന്ന ഹർജി നേരത്തേ ഹൈക്കോടതി ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബെഞ്ച് തള്ളിക്കളഞ്ഞിരുന്നു. പൊതുപ്രവർത്തകരുടെ അഭിപ്രായ സ്വാതന്ത്ര്യത്തിനു അധിക നിയന്ത്രണം വേണ്ടെന്ന സുപ്രീം കോടതി വിധിയും നിലവിലുണ്ട്. കോടതി പരമർശത്തെ തുടർന്നായിരുന്നില്ല മന്ത്രിയുടെ രാജി. ധാർമികത ഉയർത്തിപ്പിടിച്ചു രാജിവയ്ക്കുന്നതായി അവകാശപ്പെട്ടപ്പോഴും കോടതിയിൽനിന്നുള്ള തിരിച്ചടി സർക്കാർ ഭയപ്പെട്ടിരുന്നു എന്നതാണ് സത്യം. ഇയൊരു ഭയം സർക്കാരിനിന് ഇപ്പോഴില്ല എന്നുവേണം കരുതാൻ. എന്നാൽ, വിഷയത്തിൽ കോടതിയുടെ അന്തിമ തീർപ്പുണ്ടാകുന്നതുവരെ മന്ത്രിക്ക് ജനങ്ങളുടെ ക്ലീൻ ചിറ്റ് ലഭിക്കാൻ ഇടയില്ല. വിമർശനങ്ങളും വിവാദവും തുടർന്നുകൊണ്ടേയിരിക്കും.



# പട്ടിപ്പാത്രത്തിലേക്ക് വില്യം എന്നെ വലിച്ചിട്ടു: വെളിപ്പെടുത്തലുമായി ഹാരി രാജകുമാരൻ

"വില്യം എന്റെ കോളറിൽ കുത്തിപ്പിടിച്ചു, മാല വലിച്ചുപൊട്ടിച്ചു, പിന്നെ എന്നെ തറയിലേക്കു തള്ളിയിട്ടു. പട്ടിക്ക് ആഹാരം കൊടുക്കുന്ന പാത്രത്തിനുമുകളിലേക്കു ഞാൻ വീണു. അതു പൊട്ടി, ആ കഷണങ്ങൾകൊണ്ട് എന്റെ പുറം മുറിഞ്ഞു. കുറച്ചുനേരം ഞാൻ അവിടെക്കിടന്നു, പരിഭ്രമിച്ചു. പിന്നെ എഴുന്നേറ്റു. അയാളോട് ഇറങ്ങിപ്പോകാൻ പറഞ്ഞു."

ബ്രിട്ടീഷ് രാജകുടുംബത്തിലെ അനന്തരാവകാശി വില്യം രാജകുമാരനാണ് ഈ വിവരണത്തിലെ വില്ലൻ വില്യം. വില്യമിന്റെ വില്ലത്തരത്തെക്കുറിച്ചു വിവരിക്കുന്നത് അനുജൻ ഹാരി രാജകുമാരൻ. ബ്രിട്ടീഷ് രാജകുടുംബത്തെ പിടിച്ചുകുലുക്കുന്ന ബോംബുമായി ഹാരി രാജകുമാരനെത്തുകയാണ്. ഹാരിയുടെ ആത്മകഥ 'സ്പെയർ' ചൊവ്വാഴ്ച പുറത്തിറങ്ങും. ശൈശവംമുതൽ ഇതുവരെ രാജകുടുംബത്തിൽ നേരിട്ട വിവേചനങ്ങളും അവഗണനകളും പ്രതിസന്ധികളുമാണ് 'സ്പെയറി'ലൂടെ ഹാരി വെളിപ്പെടുത്തുന്നത്.

ചാൾസ് രാജാവിന്റെയും അന്തരിച്ച ഡയാന രാജകുമാരിയുടെയും മക്കളാണ് വില്യമും ഹാരിയും. സഹോദരങ്ങൾ തമ്മിലുള്ള അസ്വാരസ്യത്തിന്റെ കഥകൾ നേരത്തേ പുറത്തുവന്നിട്ടുണ്ടെങ്കിലും പ്രശ്നങ്ങളുടെ രൂക്ഷത ഹാരിയുടെ ആത്മകഥയിലൂടെയാണ് ഇത്ര വ്യക്തമാകുന്നത്. അമേരിക്കൻ നടിയും വിവാഹമോചിതയുമായ മേഗൻ മാർക്കലിനെ താൻ വിവാഹം കഴിച്ചശേഷം സഹോദരനുമായുള്ള ബന്ധം തകർന്നതിനെക്കുറിച്ചാണ് ഹാരിയുടെ തുറന്നെഴുത്ത്. ആഫ്രോ-അമേരിക്കൻ വംശജയായ മേഗനെ 2018-ലാണ് ഹാരി വിവാഹം കഴിച്ചത്. മേഗനെക്കുറിച്ച് ബ്രിട്ടീഷ് മാധ്യമങ്ങൾ നിറംപിടിപ്പിച്ചെഴുതി. കൊട്ടാരത്തിലും മേഗൻ വിവേചനം നേരിട്ടു. 2019-ൽ ലണ്ടനിൽ ഹാരിയും മേഗനും താമസിച്ചിരുന്ന നോട്ടിങ്ങാം കോട്ടേജിലെത്തി വില്യം അനുജനെ കൈയേറ്റംചെയ്തു. കടുപ്പക്കാരി, മര്യാദയില്ലാത്തവൾ, പരുക്കൻ സ്വഭാവക്കാരി എന്നൊക്കെ വില്യം മേഗനെ വിളിച്ചു. ബ്രിട്ടീഷ് മാധ്യമങ്ങൾ മേഗനെപ്പറ്റി പറയുന്നത് വില്യമും ഏറ്റുപാടുന്നുവെന്ന് ഹാരി പറഞ്ഞു. വാക്കേറ്റം കനത്തപ്പോഴാണ് ഹാരിയെ വില്യം തള്ളിത്താഴെയിട്ടത്. കുട്ടിക്കാലത്തെപ്പോലെ തിരിച്ചടിക്കാൻ വില്യം പറഞ്ഞു. ഹാരി അതു ചെയ്തില്ല. വില്യം തിരിച്ചുപോയി. പിന്നെ 'പശ്ചാത്താപമുള്ളവനെപ്പോലെ തിരിച്ചുവന്നു മാപ്പു പറഞ്ഞു'വെന്ന് ഹാരി എഴുതുന്നു. മെഗിനോട് (മേഗൻ) ഇതെക്കുറിച്ചു പറയരുത് എന്നും പറഞ്ഞു. ഹാരി ഒന്നും മേഗനോടു പറഞ്ഞില്ല. പക്ഷേ, ശരീരത്തിലെ മുറിവുകളും പോറലുകളുംകണ്ട് അവർ കാര്യം തിരക്കി. നടന്നത് ഹാരി പറഞ്ഞു. മേഗന് അദ്ഭുതം തോന്നിയില്ല. ദേഷ്യപ്പെട്ടുമില്ല. അവൾ വളരെ സങ്കടപ്പെട്ടുവെന്നും ഹാരി എഴുതുന്നു.

ബ്രിട്ടീഷ് മാധ്യമങ്ങളുടെ അധിക്ഷേപവും കൊട്ടാരത്തിലെ വിവേചനവും കാരണം, മകൻ ആർച്ചിയുടെ ജനനശേഷം ഹാരിയും മേഗനും രാജകുടുംബാംഗങ്ങളെന്ന നിലയിലുള്ള ഔദ്യോഗിക ചുമതലകൾ ഒഴിഞ്ഞ് കൊട്ടാരംവിട്ട് ഇപ്പോൾ യു.എസിലെ കാലിഫോർണിയയിലാണ് താമസം. ആർച്ചിയെ കൂടാതെ ലിലിബെറ്റ്, ഡയാന എന്ന മകൾ കൂടിയുണ്ട് ഇവർക്ക്.

എലിസബത്ത് രാജ്ഞിയുടെ ചെല്ലപ്പേരാണ് ലിലിബെറ്റ്. രാജ്ഞിയോടും 1997-ൽ ദുരൂഹസാഹചര്യത്തിൽ കാറപകടത്തിൽ മരിച്ച അമ്മ ഡയാനയോടുമുള്ള സ്നേഹവും ഹാരി 'സ്പെയറി'ൽ പങ്കുവെക്കുന്നു.

ടെലിവിഷൻ അവതാരക ഒപ്ര വിൻഫ്രിക്ക് 2021-ൽ നൽകിയ അഭിമുഖത്തിലും നെറ്റ്ഫ്ളിക്സിൽ കഴിഞ്ഞ മാസമിറങ്ങിയ 'ഹാരി ആൻഡ് മേഗൻ' എന്ന ഡോക്യുമെന്ററിയിലും രാജകുടുംബത്തിൽ മേഗൻ നേരിട്ട വംശീയവിവേചനം ഇരുവരും തുറന്നുപറഞ്ഞിട്ടുണ്ട്. അതിലേറെ വിശദാംശങ്ങൾ നിറഞ്ഞതാണ് 'സ്പെയർ'.

ഹാരി എന്ന സ്പെയർ

മിക്കരാജകുടുംബത്തിലെയുംപോലെ ബ്രിട്ടീഷ് രാജകുടുംബത്തിലും മൂത്തയാൾക്കാണ് രാജപദവും അധികാരവും മറ്റു സൗഭാഗ്യങ്ങളും. മൂത്തയാൾക്ക് എന്തെങ്കിലും സംഭവിച്ചാലേ രണ്ടാമത്തെയാൾക്ക് സ്ഥാനമാനങ്ങൾ കിട്ടൂ. അതുകൊണ്ട് രണ്ടാമത്തെ പുത്രൻ/പുത്രി പകരക്കാരൻ (സ്പെയർ) എന്നാണ് കൊട്ടാരവൃന്ദങ്ങളിൽ വിളിക്കപ്പെടുക. അതിനാലാണ് ഹാരി തന്റെ ആത്മകഥയ്ക്ക് 'സ്പെയർ' എന്നു പേരിട്ടത്.

ഡയാനയുടെ അഭിമുഖം

ഹാരിയുടെ ആത്മകഥ അമ്മ ഡയാന രാജകുമാരിയുടെ 1995-ലെ ബി.ബി.സി. അഭിമുഖത്തെ ഓർമപ്പെടുത്തുന്നു. ആ അഭിമുഖത്തിലാണ് ചാൾസിന് കാമിലയുമായും (ഇപ്പോഴത്തെ ഭാര്യ) തനിക്ക് മുൻ പട്ടാള ഉദ്യോഗസ്ഥൻ ജെയിംസ് ഹ്യുവിറ്റുമായുമുള്ള ബന്ധത്തെക്കുറിച്ച് ഡയാന തുറുന്നുപറഞ്ഞത്. ആ അഭിമുഖം ബ്രിട്ടീഷ് രാജകുടുംബത്തെ പ്രതിസന്ധിയിലാക്കി. അതുപോലൊരു സാഹചര്യത്തിലേക്ക് 'സ്പെയർ' രാജകുടുംബത്തെ എത്തിച്ചേക്കും.



# ബഫർസോൺ പരാതികളിൽ പരിശോധന ഒരാഴ്ച കൂടി തുടരും, ഇതുവരെ ലഭിച്ചത് 63500 പരാതികൾ

തിരുവനന്തപുരം: ബഫർസോൺ പ്രശ്നത്തിൽ ലഭിച്ച പരാതികളിലെ സ്ഥലപരിശോധന ഒരാഴ്ച കൂടി തുടരും. സമയ പരിധി തീർന്നപ്പോൾ ആകെ ലഭിച്ചത് 63500 പരാതികളാണ്.

ഇതിൽ 24528 പരാതികൾ തീർപ്പാക്കി. കിട്ടിയതിൽ പകുതിയോളം പരാതികളിൽ തീർപ്പാക്കാൻ കഴിയാതെയാണ് സമയപരിധി അവസാനിച്ചത്. അതേസമയം ലഭിച്ച പരാതികളിൽ പലതും ഇരട്ടിപ്പുണ്ടെന്നും ചില പരാതികൾ ഗൗരവകരമല്ലെന്നും വനംവകുപ്പിന്റെ വിശദീകരണത്തിൽ പറയുന്നു.

പുതിയ പരാതികളിലെ പരിശോധന കൂടി തീരുമ്ബോൾ ബഫർസോൺ മേഖലയിൽ ആകെ ഒരു ലക്ഷത്തിനടുത്ത് കെട്ടിടങ്ങൾ ബഫർസോൺ മേഖലയിൽ ഉണ്ടാകും. ഇവയെ ഒഴിവാക്കിത്തരണമെന്ന് കേരളം സുപ്രീംകോടതിയിൽ ആവശ്യപ്പെട്ടേക്കും. ഒരാഴ്ച കൂടി നടത്തുന്ന പരിശോധനയ്ക്ക് ശേഷമാകും അന്തിമ റിപ്പോർട്ട് തയ്യാറാക്കുക. അതേസമയം പരാതി നൽകാനുള്ള സമയപരിധി രണ്ടാഴ്ച കൂടി നീട്ടണമെന്ന് കേരളകോൺഗ്രസ് നേതാവ് ജോസ് കെ. മാണി ആവശ്യപ്പെട്ടെങ്കിലും പരിധി നീട്ടിയില്ല,



## കെ സുരേന്ദ്രൻ ശക്തനായ നേതാവ്, അദ്ധ്യക്ഷ സ്ഥാനത്ത് നിന്ന് മാറ്റില്ല, : പ്രകാശ് ജാവദേക്കർ

**ആലപ്പുഴ:** സംസ്ഥാനത്തെ ബി.ജെ.പി നേതൃത്വം മാറുമെന്നത് തെറ്റായ പ്രചാരണമാണെന്ന് സംസ്ഥാനത്തിന്റെ ചുമതലയുള്ള പ്രഭാരി പ്രകാശ് ജാവദേക്കർ പറഞ്ഞു. അദ്ധ്യക്ഷ സ്ഥാനത്ത് നിന്ന് കെ. സുരേന്ദ്രനെ മാറ്റില്ല. സുരേന്ദ്രൻ ശക്തനായ, പൊരുതുന്ന നേതാവാണ്. സുരേന്ദ്രനടക്കം ഒരു നേതാവിനെയും മാറ്റില്ല. ആലപ്പുഴ ലോക്സഭാ മണ്ഡലത്തിലെ പാർട്ടി നേതൃയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നേതൃത്വം മാറുമെന്ന് പ്രചരിപ്പിക്കുന്നത് സി.പി. എമ്മും യു,ഡി.എഫും നടത്തുന്ന വ്യാജപ്രചാരണം മാത്രമാണ്. ലോക്സഭാ തിരഞ്ഞെടുപ്പിനെ നേരിടുന്നത് സുരേന്ദ്രന്റെ നേതൃത്വത്തിൽ തന്നെയായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ ബി.ജെ.പി സംസ്ഥാന ജനറൽ സെക്രട്ടറി പി. സുധീർ, ബി.ജെ.പി ജില്ലാ പ്രസിഡന്റ് എം.വി. ഗോപകുമാർ, വെളിയാകുളം പരമേശ്വരൻ തുടങ്ങിയവർ പങ്കെടുത്തു


# 2024ന് മുൻപ് രാജ്യത്ത് നിന്ന് മാവോയിസ്റ്റുകളെ തുടച്ചു നീക്കും ; ലോക്സഭാ തിരഞ്ഞെടുപ്പ് മുന്നിൽ കണ്ട് നിർണായക പ്രഖ്യാപനവുമായി അമിത് ഷാ

**റാഞ്ചി:** ലോക്സഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി വീണ്ടും നിർണായക പ്രഖ്യാപനവുമായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

2024-ലെ തിരഞ്ഞെടുപ്പിന് മുൻപായി രാജ്യത്ത് നിന്ന് മാവോയിസ്റ്റുകളെ തുടച്ചു നീക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഝാർഖണ്ഡിലെ ചായ്ബാസയിൽ നടന്ന മഹാ സങ്കൽപ റാലിയെ അഭിസംബോധന ചെയ്ത് സംസാരിക്കവേ ആയിരുന്നു കേന്ദ്രമന്ത്രി മാവോയിസ്റ്റുകൾക്കെതിരെ പരാമർശം നടത്തിയത്.

കോൺഗ്രസ് ഭരിച്ചിരുന്ന 2019-ൽ 2,258 നക്സൽ കേസുകൾ റിപ്പോർട്ട് ചെയ്തപ്പോൾ 2021-ൽ അത് 509-ായി കുറഞ്ഞതായും അമിത് ഷാ അവകാശപ്പെട്ടു.

ഛത്തീസ്ഗഢുമായി അതിർത്തി പങ്കിടുന്ന ഝാർഖണ്ഡിലെ ഗ്രാമങ്ങളിൽ മാവോയിസ്റ്റ് പ്രശ്നം രൂക്ഷമായുള്ളതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത് . ഗോത്ര വിഭാഗങ്ങളിലായി സംസ്ഥാനത്തിലെ വലിയൊരു പങ്ക് ജനവിഭാഗമാണ് ഇത്തരത്തിലുള്ള ഗ്രാമങ്ങളിൽ അധിവസിച്ച് വരുന്നത്. ഇവരെ ലക്ഷ്യം വെച്ചുകൊണ്ടുള്ള രാഷ്ട്രീയ പ്രഖ്യാപനമാണ് അമിത് ഷാ നടത്തിയത് എന്നാണ് വിലയിരുത്തൽ.



അതേസമയം രാമക്ഷേത്രത്തിന്റെ ഉദ്ഘാടന ദിവസത്തെക്കുറിച്ച് അമിത്ഷാ കഴിഞ്ഞ ദിവസം ത്രിപുരയിൽ നടത്തിയ പ്രഖ്യാപനം രാഷ്ട്രീയ പ്രത്യാരോപണങ്ങൾക്ക് വഴിവെച്ചിരുന്നു. 2024 ജനുവരി ഒന്നിന് അയോദ്ധ്യയിലെ രാമക്ഷേത്രം തുറക്കുമെന്ന് പ്രഖ്യാപിച്ച അദ്ദേഹം കോൺഗ്രസ് പദ്ധതിയ്ക്ക് തുരങ്കം വെയ്ക്കാൻ ശ്രമിച്ചതായി ആരോപിച്ചിരുന്നു. ഇതിന് പിന്നാലെ ക്ഷേത്രം തുറക്കുമെന്ന് പ്രഖ്യാപിക്കാനുള്ള അമിത്ഷായുടെ യോഗ്യതയെ ചോദ്യം ചെയ്തുകൊണ്ട് കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ രംഗത്തെത്തിയിരുന്നു. ഇത്തരമൊരു പ്രഖ്യാപനം നടത്താൻ അദ്ദേഹം അവിടുത്തെ പൂജാരിയാണോ എന്ന് ഖാർഗേ പരിഹാസ രൂപേണേ ചോദിച്ചിരുന്നു.

ലോകചരിത്രത്തിലാദ്യമായി
22 മണിക്കൂർ 10 മിനിറ്റ് തുടർച്ചയായി
വിഷ്വൽ കഥാപ്രസംഗം അവതരിപ്പിച്ച്
URF-ASIAN RECORD & WORLD RECORD കരസ്ഥമാക്കിയ
ഡോ. നിരണം രാജൻ
അവതരിപ്പിക്കുന്ന
പുണ്യപുരാണ വിഷ്വൽ കഥാപ്രസംഗം
നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട. ഫോൺ: 98470 31647

വിഷ്വൽ നാടൻപാട്ട്
ശംഖൊലി
സംവിധാനം: Dr. നിരണം രാജൻ
നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട
Ph: 98470 31647
ലൈറ്റ്, സൗണ്ട് സിസ്റ്റം & ലൈവ് വിഷ്വൽ ഉൾപ്പെടെ പതിനെട്ടോളം അംഗങ്ങൾ.



# കുട്ടികൾക്ക് കോഴിക്കോടൻ ബിരിയാണി നൽകാനായിരുന്നു ആഗ്രഹം, അടുത്തതവണ നോൺ വെജ് വിളമ്പുമെന്ന് മന്ത്രി

കോഴിക്കോട് : കലോത്സവത്തിനെത്തിയ കുട്ടികൾക്ക് കോഴിക്കോടൻ ബിരിയാണി നൽകാനായിരുന്നു ആഗ്രഹമെന്ന് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. അടുത്ത കൊല്ലം നടക്കുന്ന കലോത്സവത്തിന് നോൺ വെജ് വിളമ്ബുമെന്നും ശിവൻകുട്ടി അറിയിച്ചു. വെജിറ്റേറിയൻ ഇഷ്ടമുള്ളവർക്ക് വെജിറ്റേറിയനും നോൺ വെജിറ്റേറിയൻ ഇഷ്ടമുള്ളവർക്ക് നോൺ വെജും കഴിക്കാം. എല്ലാവരുടെയും ഭക്ഷണ സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടുമെന്നും മന്ത്രി പറഞ്ഞു. ജനപങ്കാളിത്തം കൊണ്ടും സംഘാടനം കൊണ്ടും സംസ്ഥാന സ്കൂൾ കലോത്സവം ശ്രദ്ധേയമായി. കൊവിഡ് മഹാമാരി തളച്ചിട്ട രണ്ട് വർഷങ്ങൾക്ക് ശേഷം നടന്ന കലോത്സവം ഏറെ മികവോടെ സംഘടിപ്പിക്കാനായി. ഇതിന് ഏറ്റവുമധികം നന്ദി പറയേണ്ടത് കോഴിക്കോടുകാരോടാണ്. മാനാഞ്ചിറയിലെ വൈദ്യുത അലങ്കാരം, വൈക്കം മുഹമ്മദ് ബഷീറിന്റെ വീട്ടിലേക്ക് പ്രതിഭകൾ നടത്തിയ യാത്ര, കാരവനിൽ മേയറോടൊപ്പം പ്രതിഭകൾ കോഴിക്കോട് നഗരം ചുറ്റിക്കണ്ടത് എന്നിവയൊക്കെ പുതുമ നിറഞ്ഞതായിരുന്നു. പതിനായിരക്കണക്കിന് പേരാണ് ഈ ദിവസങ്ങളിൽ ഊട്ടുപുരയിൽ നിന്ന് ഭക്ഷണം കഴിച്ചത്. ഒരു പക്ഷേ ഇത്രയും ദിവസം വിദ്യാർത്ഥികൾ അടങ്ങുന്ന സമൂഹത്തെ ഊട്ടുന്നത് ചരിത്രമാകാം. അടുത്തതവണ വേൾഡ് റെക്കോഡ് അധികൃതരെ അറിയിച്ച് കലോത്സവം നടത്താം എന്നാണ് കരുതുന്നത്. ഭക്ഷണ വൈവിധ്യങ്ങളെ ഏറെ ഇഷ്ടപ്പെടുന്നവരാണ് മലയാളികളെന്ന് ശിവൻകുട്ടി പറഞ്ഞു.







# ഇലന്തൂർ ഇരട്ട നരബലി കേസ്; മൂന്നു പേരെ കൂടി നരബലിക്കിരയാക്കാൻ ശ്രമിച്ചു, അന്വേഷണ സംഘം കുറ്റപത്രം സമർപ്പിച്ചു

***കൊച്ചി:*** ഇലന്തൂർ ഇരട്ട നരബലിക്കേസിൽ ആദ്യകുറ്റപത്രം അന്വേഷണ സംഘം എറണാകുളം മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ചു. 1600 പേജുള്ള കുറ്റപത്രമാണ് സമർപ്പിച്ചത്. കേസിൽ മുഖ്യപ്രതി മുഹമ്മദ് ഷാഫിയടക്കം മൂന്ന് പ്രതികളാണുളളത്.പ്രതികൾ മൂന്നുപേരെക്കൂടി നരബലിക്കിരയാക്കാൻ ശ്രമിച്ചതായി കിുറ്റപത്രത്തിൽ പറയുന്നു. ദൃക്സാക്ഷികളില്ലാത്ത കേസായതിനാൽ തുടക്കം മുതൽ കടുത്ത വെല്ലുവിളികളാണ് അന്വേഷണ സംഘം നേരിട്ടിരുന്നത്. ശാസ്ത്രീയ തെളിവുകളുടെയും സാഹചര്യ തെളിവുകളുടെയും അടിസ്ഥാനത്തിലാണ് കുറ്റപത്രം തയ്യാറാക്കിയിരിക്കുന്നത്. കുടുംബത്തിന്റെ ഐശ്വര്യത്തിനായി നരബലി നടത്താമെന്നും മനുഷ്യമാംസം വിറ്റ് പണം സമ്ബാദിക്കാമെന്നും മറ്റ് പ്രതികളെ പറഞ്ഞ് പ്രേരിപ്പിച്ച മുഹമ്മദ് ഷാഫിയാണ് ഒന്നാം പ്രതി. പാരമ്ബര്യ ചികിത്സ നടത്തിയിരുന്ന ഇലന്തൂരിലെ ഭഗവൽ സിംഗ്, ഭാര്യ ലൈല എന്നിവരാണ് രണ്ടും മൂന്നും പ്രതികൾ. കൊലപാതകം, തട്ടിക്കൊണ്ട് പോകൽ, ഗൂഢാലോചന, മൃതദേഹത്തോട് അനാദരവ്, മോഷണം തുടങ്ങിയ കുറ്റങ്ങളാണ് പ്രതികൾക്കെതിരെ ചുമത്തിയിട്ടുള്ളത്. കൊലപ്പെടുത്തിയ ശേഷം പ്രതികൾ മനുഷ്യ മാംസം കറിവച്ച് കഴിച്ചതിനാൽ അപൂർവങ്ങളിൽ അപൂർവമായ കേസാണിതെന്നും കുറ്റപത്രത്തിൽ പറയുന്നുണ്ട്. ഇതിലൂടെ പ്രതികൾക്ക് പരമാവധി ശിക്ഷ ഉറപ്പാക്കുകയാണ് അന്വേഷണ സംഘത്തിന്റെ ലക്ഷ്യം. മൂന്ന് പ്രതികളുടെയും കുറ്റം തെളിക്കാൻ കഴിയുന്ന എല്ലാ തെളിവുകളും ശേഖരിച്ചിട്ടുണ്ടെന്നാണ് അന്വേഷണ സംഘം അറിയിച്ചിട്ടുള്ളത്. കടവന്ത്ര, കാലടി പൊലീസ് സ്റ്റേഷനുകളിലായാണ് രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിരുന്നത്. ഇതിൽ കാലടി പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള റോസ്‌ലിയെ ഇലന്തൂരിലെത്തിച്ച് കൊലപ്പെടുത്തി എന്ന കേസിലെ കുറ്റപത്രം അടുത്ത ആഴ്ച അന്വേഷണ സംഘം

# ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രത്യേക പരിശോധന, 26 എണ്ണം അടപ്പിച്ചു, 145 സ്ഥാപനങ്ങൾക്ക് നോട്ടീസ്



**തിരുവനന്തപുരം:** സംസ്ഥാന വ്യാപകമായി ഇന്ന് 440 സ്ഥാപനങ്ങളിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് പ്രത്യേക പരിശോധന നടത്തിയതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. വൃത്തിഹീനമായി പ്രവർത്തിച്ച 11 സ്ഥാപനങ്ങളുടേയും ലൈസൻസ് ഇല്ലാതിരുന്ന 15 സ്ഥാപനങ്ങളുടേയും ഉൾപ്പെടെ 26 സ്ഥാപനങ്ങളുടെ പ്രവർത്തനം നിറുത്തി വയ്പിച്ചു. 145 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയെന്നും മന്ത്രി പറഞ്ഞു. അതേസമയം ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധന തുടരുന്നതിനിടെ സംസ്ഥാനത്ത് ഇന്ന് ഭക്ഷ്യവിഷബാധയേറ്റ് ഒരാൾ കൂടി മരിച്ചു. ഷവർമ കഴിച്ച് ഒരു കുടുംബത്തിലെ മൂന്നുപേർക്ക് ഭക്ഷ്യവിഷബാധയേൽക്കുകയും ചെയ്തു. ഭക്ഷ്യ വിഷബാധയേറ്റ് പൊതുജനം മരിച്ചുവീഴുമ്ബോൾ മാത്രം പ്രഹസന സുരക്ഷാ പരിശോധന നടത്തുന്ന കീഴ് വഴക്കം അവസാനിപ്പിച്ച് വർഷം മുഴുവൻ നീളുന്ന ഭക്ഷ്യസുരക്ഷാ റെയ്ഡ് നടത്താൻ സർക്കാർ തയ്യാറാകണമെന്ന് കെ,പി,സി,സി പ്രസിഡന്റ് കെ.സുധാകരൻ ആവശ്യപ്പെട്ടു.

# തലേന്ന് വാങ്ങിയ കുഴിമന്തി അഞ്ജുശ്രീ പിറ്റേന്നും കഴിച്ചു'; വെളിപ്പെടുത്തലുമായി സഹോദരി

കാസർകോട്: ഭക്ഷ്യവിഷബാധയേറ്റ് പത്തൊൻപതുകാരി മരിച്ച സംഭവത്തിൽ കൂടുതൽ വിവരങ്ങൾ പുറത്ത്. കാസർകോട് തലക്ലായിൽ അഞ്ജുശ്രീ പാർവതി കുഴിമന്തി കഴിച്ചതിനെത്തുടർന്ന് ഭക്ഷ്യവിഷബാധയേറ്റാണ് മരിച്ചത്. കഴിഞ്ഞ ഡിസംബർ 31നാണ് അൽ റൊമൻസിയ ഹോട്ടലിൽ നിന്ന് അഞ്ജുശ്രീയും സുഹൃത്തുക്കളും ഓൺലൈനായി കുഴിമന്തി ഓർഡർ ചെയ്ത് കഴിച്ചത്. ഇതേ ഭക്ഷണം അഞ്ജുശ്രീ പിറ്റേന്നും കഴിച്ചതായി സഹോദരി അനുശ്രീ വെളിപ്പെടുത്തി. താനുൾപ്പെടെ നാലുപേർ ഭക്ഷണം കഴിച്ചതായും ഇതിൽ രണ്ടുപേർക്ക് ഛർദിയും വയറുവേദനയും ഉണ്ടായെന്നും അനുശ്രീ പറഞ്ഞു. ഭക്ഷണം കഴിച്ചതിനെത്തുടർന്ന് അഞ്ജുശ്രീയ്ക്ക് ശാരീരിക അസ്വസ്ഥത അനുഭവപ്പെടുകയായിരുന്നു. പിന്നാലെ പെൺകുട്ടിയെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പ്രാഥമിക ചികിത്സയ്ക്ക് ശേഷം അഞ്ജുശ്രീ വീട്ടിൽ തിരിച്ചെത്തിയിരുന്നു. ഇന്നലെ രാവിലെ കുട്ടിയ്ക്ക് ബോധക്ഷയം ഉണ്ടാവുകയും തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തെങ്കിലും മരണപ്പെടുകയായിരുന്നു. അഞ്ജുവിനൊപ്പം ഭക്ഷണം കഴിച്ചവർക്കും ഭക്ഷ്യവിഷബാധയേറ്റു. അവർക്കും ശാരീരിക അസ്വസ്ഥത ഉണ്ടായെന്ന് ഉദുമ എം എൽ എ സി എച്ച് കുഞ്ഞമ്ബു അറിയിച്ചിരുന്നു. സംഭവത്തിൽ അൽ റൊമൻസിയ ഹോട്ടൽ ഉടമയടക്കം മൂന്നുപേർ കസ്റ്റഡിയിലായിരുന്നു. ഹോട്ടൽ ഭക്ഷ്യസുരക്ഷാവിഭാഗം പൂട്ടി സീൽ ചെയ്യുകയും ചെയ്തു. ബന്ധുക്കളുടെ പരാതിയെത്തുടർന്ന് അസ്വാഭാവിക മരണത്തിന് കേസെടുത്തതായി പൊലീസ് അറിയിച്ചു. അന്വേഷണം പുരോഗമിക്കുകയാണ്. ഡോക്ടർമാരുടെ മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ കൂടുതൽ നടപടിയെടുക്കാൻ സാധിക്കുകയുള്ളൂവെന്നും പൊലീസ് വ്യക്തമാക്കി. അതേസമയം, അഞ്ജുശ്രീയുടെ മരണം ഭക്ഷ്യവിഷബാധയേറ്റതിനെത്തുടർന്നാണ് എന്നാണ് പ്ര





ാഥമിക നിഗമനമെന്ന് ഡി എം ഒ ഡോ രാംദാസ് പറഞ്ഞു. മംഗലാപുരത്തെ ആശുപത്രി റിപ്പോർട്ടിൽ നിന്ന് അതാണ് മനസിലാക്കുന്നത്. പരിയാരത്തെ പരിശോധനയ്ക്ക് ശേഷം അന്തിമ സ്ഥിരീകരണം നടത്തുമെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു





# സ്ഥാനത്തിന് ഉതകാത്ത രീതിയിൽ സിപിഎം, ഡിവൈഎഫ്ഐ പരിപാടികളിൽ പങ്കെടുക്കുന്നു; ചിന്താ ജെറോമിനെതിരെ ലോകായുക്തയിൽ പരാതി

തിരുവനന്തപുരം: സ്ഥാനത്തിന് ഉതകാത്ത രീതിയിൽ രാഷ്ട്രീയ സ്വഭാവമുള്ള പരിപാടിയിൽ പങ്കെടുക്കുന്നതിനെ ചൊല്ലി യുവജന കമ്മീഷൻ അദ്ധ്യക്ഷ ചിന്താ ജെറോമിനെതിരെ ലോകായുക്തയിൽ പരാതി. നിഷ്പക്ഷമായ നിലപാട് കൈക്കൊള്ളേണ്ട ജുഡീഷ്യൽ കമ്മീഷൻ അദ്ധ്യക്ഷ സിപിഎമ്മിന്റെയും പോഷകസംഘടനകളുടെയും പരിപാടികളിൽ പങ്കെടുക്കുന്നതായാണ് പരാതിയിലെ ആരോപണം. വിഷയത്തിൽ ഉചിതമായ നടപടി കൈക്കൊള്ളണമെന്നും യൂത്ത് കോൺഗ്രസ് ജനറൽ സെക്രട്ടറി നൽകിയ പരാതിയിൽ ആവശ്യപ്പെടുന്നുണ്ട്. പ്രസ്തുത പരാതി ലോകായുക്ത തിങ്കളാഴ്ച പരിഗണിക്കും. എട്ടര ലക്ഷം രൂപ ശമ്ബളകുടിശ്ശിക ഇനത്തിൽ അനുവദിക്കാനുള്ള ധനവകുപ്പിന്റെ തീരുമാനത്തിൽ വിമർശനം ഉയരുന്നതിനിടയിലാണ് ചിന്താ ജെറോമിനെതിരെ ലോകായുക്തയിൽ പരാതി ലഭിക്കുന്നത്. 17 മാസത്തെ കുടിശ്ശിക മുൻകാലപ്രാബല്യത്തിൽ നടപ്പിലാക്കിയ ശമ്ബളവർദ്ധനയോടെ അനുവദിക്കാനുള്ള തീരുമാനം വിവാദമായെങ്കിലും വിഷയത്തിൽ കമ്മീഷൻ സെക്രട്ടറിയെ പഴി ചാരാനായിരുന്നു ചിന്താ ജെറോമിന്റെ ശ്രമം. എന്നാൽ ഫയലുകൾ പ്രകാരം ശമ്ബളകുടിശ്ശിക ആവശ്യപ്പെട്ട് കൊണ്ടുള്ല ചിന്തയുടെ അപേക്ഷ വഴിയാണ് നടപടികളുണ്ടായത് എന്ന് തെളിഞ്ഞിരുന്നു. അതേ സമയം വിഷയത്തിൽ യുവജന കമ്മിഷൻ ചെയർപേഴ്സൺ ചിന്താ ജെറോമിന് പിന്തുണയുമായി സിപിഎം കേന്ദ്ര കമ്മിറ്റി അംഗവും മുൻ ആരോഗ്യവകുപ്പ് മന്ത്രിയുമായ കെ കെ ശൈലജ രംഗത്തെത്തിയിരുന്നു. ഉത്തരവാദിത്വപ്പെട്ട സ്ഥാനമെന്ന നിലയിൽ നിശ്ചയിച്ച മാനദണ്ഡത്തിന് അടിസ്ഥാനമായ ശമ്ബളമാണ് ചിന്താ ജെറോമും കൈപ്പറ്റുന്നതെന്ന് കെ കെ ശൈലജ സോഷ്യൽ മീഡിയയിൽ കുറിച്ചു. സഖാവ് ചിന്താ ജെറോമിനെതിരെ സോഷ്യൽ മീഡിയയിൽ നടക്കുന്ന പ്രതികരണങ്ങൾ പ്രതിഷേധാർഹമാണെന്നും പിന്തുണക്കുറിപ്പിലൂടെ ശൈലജ പറഞ്ഞു.

# ഇന്ത്യയിൽ പാസ്പോർട്ട് ഉടമകളുടെ എണ്ണമെടുത്തപ്പോൾ മലപ്പുറത്തുകാരുടെ മികവിൽ

**തിരുവനന്തപുരം** : ഇന്ത്യയിൽ പാസ്പോർട്ട് ഉടമകളുടെ എണ്ണത്തിൽ കേരളം മുൻപിൽ. കേരളത്തിലെ ജനംസംഖ്യയിൽ 31.6 ശതമാനം പേർക്ക് പാസ്പോർട്ടുണ്ടെന്നാണ് കണ്ടെത്തൽ. പ്രവാസികളുടെ കരുത്തിൽ മുന്നേറിയ കേരള മോഡൽ വികസനത്തിന് അടിത്തറ പാകുന്ന കണ്ടെത്തലാണിത്. ഇന്ത്യയിൽ ആകെയുള്ള പാസ് പോർട്ടുകളുടെ 11.8 ശതമാനം കേരളത്തിലാണ്. അതേസമയം പാസ് പോർട്ട് ഉടമകളുടെ എണ്ണത്തിൽ മലപ്പുറം മൂന്നാം സ്ഥാനത്താണ്. ജില്ലയിൽ 1932622 പാസ്പോർട്ടുകളാണുള്ളത്. മലപ്പുറത്തിന് മുൻപിലുള്ളത് മഹാനഗരങ്ങളായ മുംബയും, ബംഗളൂരുവുമാണ്. ഈ മെട്രോ നഗരങ്ങളിൽ യഥാക്രമം 3556067, 3463405 പാസ്പോർട്ടുകളാണ് നൽകിയിട്ടുള്ളത്. പാസ് പോർട്ടുകളുടെ എണ്ണത്തിൽ ഒന്നാം സ്ഥാനത്തുള്ള കേരളത്തിന് പിന്നിലായി മഹാരാഷ്ട്രയും തമിഴ്നാടുമാണുമുള്ളത്. തമിഴ്നാട്ടിൽ ജനസംഖ്യയുടെ 12.7 ശതമാനത്തിനാണ് പാസ്പോർട്ടുള്ളത്, മഹാരാഷ്ട്രയിൽ ജനംസംഖ്യയുടെ 8.4ശതമാനത്തിനും. എന്നാൽ പാസ്പോർട്ടുകളുടെ എണ്ണത്തിൽ മഹാരാഷ്ട്ര തമിഴ്നാടിനെ മറികടന്നു. 2022 ഡിസംബർ എട്ടുവരെയുള്ള കണക്കുപ്രകാരം ഇന്ത്യയിൽ 9.58 കോടി പാസ്പോർട്ട് ഉടമകളാണുള്ളത്.

# ഡൽഹിയിൽ പുതുവർഷ ദിനത്തിൽ ദാരുണമായി കൊല്ലപ്പെട്ട അഞ്ജലിയുടെ സുഹൃത്ത് മയക്കുമരുന്ന് കേസിലെ പ്രതി

**ന്യൂഡൽഹി** : പുതുവർഷ ദിനത്തിൽ രാജ്യത്തെ നടുക്കിയ സുൽത്താൻപുരി കാർ അപകടകേസിലെ ദൃക്സാക്ഷിയും അഞ്ജലിയുടെ സുഹൃത്തുമായ നിധി മയക്കുമരുന്ന് കള്ളക്കടത്ത് കേസിൽ അറസ്റ്റിലായിരുന്നതായി റിപ്പോർട്ട്.2020ലാണ് നിധി രണ്ട് ആൺസുഹൃത്തുക്കൾക്കൊപ്പം പൊലീസിന്റെ പിടിയിലായത്. 2020 ഡിസംബർ 6 ന് ആഗ്രയിലെ ഗവൺമെന്റ് റെയിൽവേ പൊലീസ് നിധിനേയും കൂട്ടാളികളായ സമീറിനെയും രവികുമാറിനെയും 30 കിലോ കഞ്ചാവുമായാണ് അറസ്റ്റ് ചെയ്തത്. ജയിലിലായ ഇവർ ഇപ്പോൾ ജാമ്യത്തിലാണ്. നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ട് പ്രകാരമാണ് ഇവർ അറസ്റ്റിലായത്. കേസിൽ നിധിയാണ് മുഖ്യ പ്രതി. 2023 ജനുവരി ഒന്നിന് പുലർച്ചെയാണ് അഞ്ജലി ഡൽഹിയിൽ ദാരുണമായി കൊല്ലപ്പെട്ടത്. സ്കൂട്ടറിൽ ഇടിച്ചുകയറിയ കാറിൽ കുരുങ്ങിയ യുവതിയെ 12 കിലോമീറ്ററോളം സുൽത്താൻപുരിയിൽ നിന്ന് കാഞ്ജവാലയിലേക്ക് വലിച്ചിഴയ്ക്കുകയായിരുന്നു. പൊലീസ് അന്വേഷണത്തിൽ അപകടത്തിന് തൊട്ട് മുൻപ് അഞ്ജലി ഓടിച്ച ഇരുചക്രവാഹനത്തിൽ നിധിയും ഉണ്ടായിരുന്നതായി കണ്ടെത്തി. നിസാര പരിക്കുകളോടെ നിധി അപകടസ്ഥലത്ത് നിന്ന് ഓടി രക്ഷപ്പെടുകയായിരുന്നു. എന്നാൽ അപകടത്തിന് സാക്ഷിയായിട്ടും നിധി ഇക്കാര്യം പൊലീസിനെ അറിയിച്ചിരുന്നില്ല. അഞ്ജലിയെ രക്ഷിക്കാൻ ശ്രമിക്കുന്നതിന് പകരം ഓടി രക്ഷപ്പെടാനാണ് ശ്രമിച്ചത്. പേടിച്ചിട്ടാണ് പൊലീസിനെ അറിയിക്കാതിരുന്നതെന്നാണ് നിധി പൊലീസിനോട് പിന്നീട് പറഞ്ഞത്. കാറിലുള്ളവർ വാഹനം നിർത്തി യുവതിയെ ആശുപത്രിയിൽ എത്തിക്കുമെന്ന് കരുതി എന്നാണ് യുവതി ഒരു ചാനലിനോട് പ്രതികരിച്ചത്. അതേസമയം മകൾക്ക് നിധി എന്ന സുഹൃത്തുണ്ടെന്ന് അറിയില്ലെന്നായിരുന്നു അഞ്ജലിയുടെ രക്ഷിതാക്കൾ പ്രതികരിച്ചത്.

# തിരുവനന്തപുരത്ത് പക്ഷിപ്പനി സ്ഥിരീകരിച്ചു, കണ്ടെത്തിയത് സ്വകാര്യ ഫാമിൽ, 2000 കോഴികളെയും താറാവിനെയും ഉടൻ കൊല്ലും

**തിരുവനന്തപുരം:** തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിൽ പക്ഷിപ്പനി സ്ഥിരീകരിച്ചു. പഞ്ചായത്തിലെ 17ാം വാർഡിൽ പെരുങ്ങുഴി ജംഗ്ഷനു സമീപമുള്ള സ്വകാര്യ ഫാമിലാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്. ഇവിടെയുള്ള താറാവിലും കോഴിയിലുമാണ് പക്ഷിപ്പനിയുടെ സാന്നിദ്ധ്യം കണ്ടെത്തിയത്. നൂറുകണക്കിന് താറാവും കോഴിയും ഇവിടെ ചാവുകയും ചെയ്തു. മൂന്ന് മാസങ്ങൾക്ക് മുൻപ് ആലപ്പുഴയിൽ നിന്ന് കൊണ്ടുവന്ന താറാവ് കുഞ്ഞുങ്ങൾക്കും ഹൈദരാബാദിൽ നിന്ന് കൊണ്ടുവന്ന കോഴിക്കുഞ്ഞുങ്ങൾക്കുമാണ് രോഗം പടർന്നുപിടിച്ചത്. ഫാമിലെ താറാവിനും കോഴിക്കും അസുഖബാധയേറ്റപ്പോൾ ആദ്യം ആന്റിബയോട്ടിക്കുകൾ നൽകിയെങ്കിലും ഫലമുണ്ടായില്ല. തുടർന്ന് വിശദപരിശോധനയ്ക്കായി സാമ്ബിൾ പാലോട് സ്റ്റേറ്റ് ഇൻസ്റ്റിട്യൂട്ട് ഫോർ ആനിമൽ ഡിസീസസിലും കൂടുതൽ പരിശോധനയ്ക്കായി ഭോപ്പാലിലും (എൻ.ഐ.എച്ച്.എസ്.എ.ഡി ലാബിൽ) അയച്ചു. അവിടെ നിന്ന് കിട്ടിയ റിസൾട്ട് പോസിറ്റീവ് ആയതിനെത്തുടർന്നാണ് പക്ഷിപ്പനി സ്ഥിരീകരിച്ചത്.


2000 കോഴികളെയും താറാവിനെയും കൊല്ലും

അഴൂർ ഗ്രാമപഞ്ചായത്തിൽ പക്ഷിപ്പനി സ്ഥിരീകരിച്ചതിനെ തുടർന്ന് നാളെ മുതൽ പക്ഷികളെ കൊന്നുതുടങ്ങും. ആദ്യ ഘട്ടത്തിൽ 2000 താറാവിനെയും കോഴിയെയുമാണ് കൊല്ലുന്നത്. പക്ഷിപ്പനിയുടെ പ്രഭവകേന്ദ്രമായ അഴൂർ ഗ്രാമപഞ്ചായത്തിലെ പെരുങ്ങുഴി ജംഗ്ഷൻ വാർഡിന്റെ (വാർഡ് 15) ഒരു കിലോമീറ്റർ ചുറ്റളവിലുള്ള വാർഡുകളായ റെയിൽവേ സ്റ്റേഷൻ വാർഡ് (വാർഡ് 17) പൂർണമായും, പഞ്ചായത്ത് ഓഫീസ് വാർഡ് (വാർഡ് 16), കൃഷ്ണപുരം വാർഡ് (വാർഡ് 7), അക്കരവിള വാർഡ് (വാർഡ് 14), നാലുമുക്ക് (വാർഡ് 12) കൊട്ടാരം തുരുത്ത് (വാർഡ് 18) എന്നീ വാർഡുകൾ ഭാഗികമായി ഉൾപ്പെട്ട പ്രദേശങ്ങളിലെ മുഴുവൻ കോഴി, താറാവ്, മറ്റ് അരുമ പക്ഷികൾ എന്നിവയെ കൊന്ന് മുട്ട,ഇറച്ചി,കാഷ്ഠം (വളം), തീറ്റ എന്നിവയും കത്തിച്ച് നശിപ്പിക്കും.

ഒരു കിലോമീറ്ററിന് ചുറ്റുമുള്ള ഒൻപത് കിലോമീറ്ററിൽ ഉൾപ്പെടുന്ന കിഴുവിലം, കടയ്ക്കാവൂർ, കീഴാറ്റിങ്ങൽ,ചിറയിൻകീഴ്,മംഗലപുരം,അണ്ടൂർകോണം,പോത്തൻകോട് എന്നീ ഗ്രാമപഞ്ചായത്തുകളും തിരുവനന്തപുരം കോർപ്പറേഷനിലെ കഴക്കൂട്ടം, ആറ്റിപ്ര വാർഡിലെ ആറ്റിൻകുഴി പ്രദേശം എന്നിവയും ഉൾപ്പെടുന്ന സർവൈലൻസ് സോണിന്റെ പരിധിയിൽ നിന്ന് പുറത്തേക്കും അകത്തേക്കും കോഴി, താറാവ്, അരുമ പക്ഷികൾ എന്നിവയുടെ കൈമാറ്റം, കടത്ത്, വില്പന എന്നിവ നിരോധിച്ചു. ഈ പഞ്ചായത്തുകളിൽ നിന്ന് പുറത്തേക്ക് മുട്ട, ഇറച്ചി,വളം,തീറ്റ എന്നിവയുടെ വില്പന,നീക്കം എന്നിവയ്ക്കും മൂന്ന് മാസത്തേക്ക് നിരോധനം ഉണ്ടായിരിക്കും. മൃഗസംരക്ഷണ വകുപ്പിന്റെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ തിങ്കളാഴ്ച മുതൽ പക്ഷികളെ കൊല്ലുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും എല്ലാവരും സഹകരിക്കണമെന്നും ജില്ലാകളക്ടർ ഇന്നലെ ചേർന്ന അവലോകനയോഗത്തിൽ നിർദ്ദേശിച്ചു. അതേസമയം പൊതുജനങ്ങൾ പരിഭ്രാന്തരാകേണ്ടതില്ലെന്നും ജാഗ്രത പാലിക്കണമെന്നും വളർത്തുപക്ഷികൾ അസ്വാഭാവികമായി കൂട്ടമായി ചത്തപോകുന്ന സാഹചര്യങ്ങളിൽ ആ വിവരം അടുത്തുള്ള മൃഗാശുപത്രിയിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും മൃഗസംരക്ഷണ ഓഫീസറും അറിയിച്ചു.

ജാഗ്രതാനിർദ്ദേശം

രോഗത്തിന്റെ പ്രഭവ കേന്ദ്രത്തിൽ നിന്ന് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള രോഗം ബാധിച്ചതോ ചത്തതോ ആയ പക്ഷികളെ കൈകാര്യം ചെയ്യമ്ബോൾ കൈയുറയും മാസ്കും നിർബന്ധമായും ധരിക്കണം. കോഴികളുടെ മാംസം (പച്ചമാംസം) കൈകാര്യം ചെയ്യുന്നതിന് മുൻപും പിൻപും സോപ്പും വെള്ളവും ഉപയോഗിച്ച് കൈകൾ വൃത്തിയാക്കണം. നിങ്ങളുടെ തൊട്ടടുത്ത് അസാധാരണമാം വിധം പക്ഷികളുടെ മരണം ശ്രദ്ധയിൽപ്പെട്ടാൽ അടുത്തുള്ള മൃഗസംരക്ഷണ വകുപ്പ് സ്ഥാപനത്തിൽ അറിയിക്കണം പക്ഷികളെ കൈകാര്യം ചെയ് ശേഷം എന്തെങ്കിലും ശാരീരിക അസ്വസ്ഥത അനുഭവപ്പെട്ടാൽ അടുത്തുള്ള മെഡിക്കൽ ഡോക്ടറെ ബന്ധപ്പെടുക. ശുചീകരണത്തിനായി രണ്ട് ശതമാനം സോഡിയം ഹൈഡ്രോക്സൈഡ് ലായനി,പൊട്ടാസ്യം പെർമാംഗനേറ്റ് ലായനി,കുമ്മായം എന്നിവ ഉപയോഗിക്കണം പകുതി വേവിച്ച മുട്ടകൾ കഴിക്കരുത് (ബുൾസ് ഐ പോലുള്ളവ) പകുതി വേവിച്ച മാംസം കഴിക്കരുത് രോഗം സ്ഥിരീകരിച്ച പ്രദേശത്ത് നിന്നും ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശത്ത് നിന്നും പക്ഷികളെ വാങ്ങുകയോ വിൽക്കുകയോ അരുത്.



# എറണാകുളം ജില്ലയിലെ ആകെ വോട്ടർമാർ 25,70,962

**കാക്കനാട്:** ജില്ലയിൽ ഏറ്റവും കൂടുതൽ വോട്ടർമാരുള്ളത് തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിൽ. 2,05,897 പേർക്കാണ് മണ്ഡലത്തിൽ വോട്ടവകാശമുള്ളത്. 1,60,610 വോട്ടർമാരുള്ള എറണാകുളമാണ് 14 മണ്ഡലങ്ങളിൽ എണ്ണത്തിൽ ഏറ്റവും പിന്നിൽ. കഴിഞ്ഞദിവസം പുറത്തുവന്ന വിവിധ മണ്ഡലങ്ങളിലെ പുതുക്കിയ വോട്ടർപട്ടിക പ്രകാരം 13,16,255 സ്ത്രീകളും 12,54,683 പുരുഷന്മാരും 24 ട്രാൻസ്ജെൻഡർമാരും ഉൾപ്പെടെ 25,70,962 വോട്ടർമാരാണ് ജില്ലയിലുള്ളത്. സ്ത്രീകളുടെയും പുരുഷന്മാരുടെയും എണ്ണത്തിലും തൃപ്പൂണിത്തുറ തന്നെയാണ് മുന്നിൽ.ഇവിടെ 1,06,393 സ്ത്രീ വോട്ടർമാരും 99,500 പുരുഷ വോട്ടർമാരുമാണ് ഉള്ളത്. ഏറ്റവുമധികം ട്രാൻസ്ജെൻഡർ വോട്ടർമാർ ഉള്ളത് തൃപ്പൂണിത്തുറ, മൂവാറ്റുപുഴ, അങ്കമാലി മണ്ഡലങ്ങളിലാണ്. നാലു പേർക്ക് വീതമാണ് ഈ മണ്ഡലങ്ങളിൽ സമ്മതിദാനാവകാശം ഉള്ളത്. തൃപ്പൂണിത്തുറക്ക് പുറമേ പിറവം മണ്ഡലത്തിൽ മാത്രമാണ് രണ്ട് ലക്ഷത്തിലധികം വോട്ടർമാരുള്ളത്. ഇതിൽ 105714 പേർ പുരുഷന്മാരും 98857 സ്ത്രീകളും ഒരു ട്രാൻസ്ജെൻഡറും ഉണ്ട്. വോട്ടർമാരുടെ എണ്ണത്തിൽ പുറകിൽ നിൽക്കുന്ന എറണാകുളം മണ്ഡലത്തിൽ 78244 സ്ത്രീകളും 82363 പുരുഷന്മാരും മൂന്ന് ട്രാൻസ്ജെൻഡർമാരും ഉണ്ട്.വോട്ടർ പട്ടികയിൽ പേരു ചേർക്കുന്നതിനും തെറ്റ് തിരുത്തുന്നതിനും പേര് ഒഴിവാക്കുന്നതിനുമായി ആകെ 1,01,506 അപേക്ഷകളാണ് ജില്ലയിൽ ലഭിച്ചത്. ഒക്ടോബർ 13 മുതൽ ഡിസംബർ 26 വരെയുള്ള കണക്ക് പ്രകാരമാണിത്. ജില്ലയിൽ 76,989 അപേക്ഷകളാണ് പേര് നീക്കം ചെയ്യുന്നതിന് ലഭിച്ചത്. ഇതിൽ 68,629 അപേക്ഷകളിൽ പേരു നീക്കിയിട്ടുണ്ട്.

# സ്കൂളിനടുത്ത കനാലിൽ കക്കൂസ് മാലിന്യം തള്ളി



**കടുങ്ങല്ലൂർ :** യു.സി. കോളേജിനടുത്ത ചാമപ്പറമ്പ് എൽ.പി. സ്കൂളിന് സമീപത്തെ പെരിയാർവാലി കനാലിൽ വണ്ടിയിൽ കൊണ്ടുവന്ന് കക്കൂസ് മാലിന്യമൊഴുക്കി. ദുർഗന്ധംകൊണ്ട് നാട്ടുകാരും വിദ്യാർഥികളും ദുരിതത്തിലായി. വ്യാഴാഴ്ച പുലർച്ചെയാണ് ടാങ്കർലോറിയിലെത്തി കനാലിലേക്ക് മാലിന്യമൊഴുക്കിയത്. ഇത് നാട്ടുകാരിലൊരാളുടെ ശ്രദ്ധയിൽപ്പെട്ടതോടെ വണ്ടിക്കാരൻ കടന്നുകളഞ്ഞു. മണിക്കൂറുകൾക്കുശേഷം വീണ്ടും വണ്ടിയുമായി വന്നപ്പോൾ യു.സി. കോളേജ് സ്വദേശി കണ്ടു. അദ്ദേഹം വണ്ടി തടയുകയും പഞ്ചായത്തംഗം ഇ.എം. അബ്ദുൽ സലാമിനെ വിളിച്ചുവരുത്തുകയും ചെയ്തു. വിവരമറിയിച്ചതിനെ തുടർന്ന് ആലുവ പോലീസെത്തി വാഹനവും ഡ്രൈവറെയും കസ്റ്റഡിയിലെടുത്തു.സമീപത്തുള്ള ഒരു പാർപ്പിടസമുച്ചയത്തിൽ നിന്നാണ് മാലിന്യം കൊണ്ടുവന്നതെന്നും നടപടി സ്വീകരിക്കുമെന്നും വാർഡ് മെംബർ പറഞ്ഞു. കടുങ്ങല്ലൂർ-കരുമാല്ലൂർ പഞ്ചായത്തുകളുടെ അതിർത്തിപങ്കിടുന്ന ചാമപ്പറമ്പ് സ്കൂളിൽ 150-ഓളം കുട്ടികൾ പഠിക്കുന്നുണ്ട്. ഇവിടത്തെ കിണറും വൃത്തിഹീനമായിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതുണ്ട്.

# തോക്ക് ചൂണ്ടി കാറും ഡ്രൈവറെയും തട്ടിക്കൊണ്ടുപോയ കേസിൽ ഒരാൾ കൂടി അറസ്റ്റിൽ



**ആലുവ:** ഹൈവേയിൽ തോക്ക് ചൂണ്ടി കാറും ഡ്രൈവറെയും തട്ടിക്കൊണ്ടുപോയ കേസിൽ ഒരാൾകൂടി അറസ്റ്റിൽ. മണ്ണാർക്കാട് കാഞ്ഞിരംകുന്നം കച്ചേരിപ്പറമ്പ് ചെറുമലയിൽ മുഹമ്മദ് മുഹ്സിനെയാണ് (28) ആലുവ പൊലീസ് അറസ്റ്റ് ചെയ്തത്. അഞ്ചാം പ്രതിയാണ് ഇയാൾ. സംഭവത്തിൽ നേരിട്ട് പങ്കെടുത്തവരും സഹായിച്ചവരും ഉൾപ്പെടെ 13 പേർ അറസ്റ്റിലായി. കഴിഞ്ഞ മാർച്ച് 31ന് ആലുവ കമ്പനിപ്പടി ഭാഗത്തായിരുന്നു സംഭവം. തനിക്ക് കൊണ്ടുവന്ന ഹാൻസ് തട്ടിയെടുക്കാൻ മുഖ്യപ്രതിയായ മുജീബ് തന്നെ ക്വട്ടേഷൻ കൊടുക്കുകയായിരുന്നു. കാറും ഹാൻസും തട്ടിയെടുത്ത് മറിച്ച് വിൽക്കുകയായിരുന്നു ഇയാളുടെ ലക്ഷ്യം. സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽനിന്ന് മുഴുവൻ പ്രതികളെയും പിടികൂടി. നെടുമ്പാശ്ശേരി സ്റ്റേഷനിൽ ഇയാൾക്കെതിരെ സമാന സ്വഭാവമുള്ള കേസുണ്ട്.ഇൻസ്പെക്ടർ എൽ. അനിൽകുമാർ, എസ്.ഐമാരായ സി.ആർ. ഹരിദാസ്, വി.എൽ. ആനന്ദ്, കെ.പി. ജോണി, സി.പി.ഒമാരായ മാഹിൻ ഷാ അബൂബക്കർ, മുഹമ്മദ് അമീർ, എച്ച്. ഹാരിസ്, കെ.എം. മനോജ് എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.



# പുതുവർഷം പിറന്നിട്ടും : ശനിദശ മാറാതെ ബി.ഒ.ടി. പാലം

**തോപ്പുംപടി :** തോപ്പുംപടി ബി.ഒ.ടി. പാലത്തിന്റെ അറ്റകുറ്റപ്പണികൾ ഡിസംബർ 31-നകം തീർക്കുമെന്നാണ് ജി.സി.ഡി.എ. അധികൃതർ അവസാനം പറഞ്ഞത്. പുതുവർഷാഘോഷത്തിനായി കൊച്ചിയിലേക്ക് വലിയ ഒഴുക്കുണ്ടാകുമെന്നതിനാൽ അതിനു മുൻപ് പാലത്തിന്റെ പണികൾ പൂർത്തിയാക്കാനായിരുന്നു തീരുമാനം. പാലത്തിന്റെ പണികൾ കരാറുകാരെ ഏൽപ്പിക്കുകയും ചെയ്തു. എന്നാൽ, കരാറുകാരാകട്ടെ ജോലി തുടങ്ങിയില്ല. കുറെക്കാലമായി ബി.ഒ.ടി. പാലത്തിലൂടെ വാഹനങ്ങൾക്ക് പോകാനാവാത്ത സ്ഥിതിയാണ്. കുണ്ടും കുഴിയുമായി കിടക്കുന്ന പാലത്തിൽ അപകടങ്ങളുമുണ്ടാകുന്നുണ്ട്. പടിഞ്ഞാറ് പാലത്തിലേക്ക് കയറുന്ന ഭാഗത്തുതന്നെ വലതുവശത്ത് വലിയ കുഴിയാണ്. ഇരുചക്രവാഹനങ്ങൾക്ക് പാലം പേടിസ്വപ്നമായി മാറുകയാണ്.ക്രിസ്മസ്-പുതുവർഷ കാലത്ത് പാലത്തിൽ വലിയ ഗതാഗതക്കുരുക്കുണ്ടായി. കൊച്ചിയിലേക്ക് റെക്കോഡ് ജനക്കൂട്ടവും വാഹനങ്ങളും എത്തിയ കാലമാണിത്. പൊട്ടിത്തകർന്നു കിടക്കുന്ന ഈ പാലത്തിലൂടെയാണ് വാഹനങ്ങളൊക്കെ കടന്നുപോയത്. പാലത്തിന്റെ അറ്റകുറ്റപ്പണി ആര് നടത്തുമെന്ന തർക്കമായിരുന്നു ആദ്യം. ജി.സി.ഡി.എ.യുടെ മേൽനോട്ടത്തിൽ നിർമിച്ച പാലം ഇതുവരെ പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടില്ല. അതുകൊണ്ട് അറ്റകുറ്റപ്പണി നടത്താൻ പൊതുമരാമത്ത് വകുപ്പ് കൂട്ടാക്കിയില്ല. ഒടുവിൽ ജനങ്ങളുടെ സമ്മർദമേറിയപ്പോൾ, പാലം നന്നാക്കാൻ ജി.സി.ഡി.എ.തന്നെ ഇറങ്ങി.40 ലക്ഷം രൂപയാണ് ഇതിനായി അനുവദിച്ചത്. ചെറിയപണി ആയതിനാൽ കരാറുകാർ വലിയ താത്പര്യം കാണിച്ചില്ല. ഒടുവിൽ കരാറുകാരെ കണ്ടെത്തി. പാലത്തിലെ വലിയ കുഴി ഉടനെ അടയ്ക്കുമെന്ന് ഒരുമാസത്തിന് മുൻപുതന്നെ ജി.സി.ഡി.എ. അധികൃതർ പറഞ്ഞു.എന്നാൽ, ഒന്നും നടന്നില്ല. ഈ കുഴി വലിയ അപകടമുണ്ടാക്കുമെന്ന് വാഹനയാത്രക്കാരെല്ലാം ചൂണ്ടിക്കാട്ടുകയാണ്. ഉടനെ ജോലി തുടങ്ങുമെന്നാണ് അധികൃതർ ഇപ്പോഴും പറയുന്നത്. പക്ഷേ, എന്നാണ് തുടങ്ങുന്നതെന്നുമാത്രം യാതൊരു ഉറപ്പുമില്ല.






# ദിൻഹ തിരുനാളിൽ പള്ളികൾ സന്ദർശിച്ച് പാത്രിയർക്കിസ്

**തൃശ്ശൂർ :** ദിൻഹ തിരുനാളിന് കൽദായസഭയുടെ ആഗോള പരമാധ്യക്ഷൻ കാതോലിക്കോസ് പാത്രിയർക്കീസ് മാറൻ മാർ ആവ തൃതീയൻ പള്ളികൾ സന്ദർശിച്ചു. ചേലക്കോട്ടുകര മാർ അപ്രേം പള്ളിയിലും പറവട്ടാനി മാർ അദ്ദായ് ശ്ലീഹ പള്ളിയിലുമാണ് സന്ദർശനം നടത്തിയത്. പള്ളികളിൽ ദിൻഹ തിരുനാളിന്റെ ഭാഗമായ പിണ്ടി തെളിയിക്കൽ ഇദ്ദേഹം നിർവഹിച്ചു.ചേലക്കോട്ടുകര പള്ളിയിൽ പ്രാർഥനയോടെ അദ്ദേഹത്തെ സ്വീകരിച്ചു. വികാരി ഫാ. ജോസ് വെങ്ങാശ്ശേരി, അസി. വികാരി ഫാ. ഡേവിസ് ചുങ്കത്ത്, കൈക്കാരൻ ബാബു തെക്കേത്തല, വിൻസെന്റ് തറയിൽ, ട്രസ്റ്റി രാജൻ ജോസ് മണ്ണുത്തി എന്നിവർ അനുഗമിച്ചു. മെൻസ് അസോസിയേഷന്റെ നേതൃത്വത്തിൽ പിണ്ടികുത്തിമത്സരവും അരങ്ങേറി. പത്ത് യൂണിറ്റുകളാണ് മത്സരത്തിന് ഉണ്ടായിരുന്നത്. പറവട്ടാനി പള്ളിയിൽ വികാരി ഫാ. സി.ഡി. പോളിന്റെ നേതൃത്വത്തിൽ ആഗോള അധ്യക്ഷനെ സ്വീകരിച്ചു. ദിൻഹ തിരുനാളിന്റെ ഭാഗമായി പിണ്ടി തെളിയിച്ചു.



# ചാലക്കുടിയിൽ അഞ്ച് ഹോട്ടലിൽ പഴകിയ ഭക്ഷണം

**ചാലക്കുടി:** ചാലക്കുടിയിലെ വിവിധ ഹോട്ടലുകളിൽ നഗരസഭ ആരോഗ്യവിഭാഗം നടത്തിയ പരിശോധനയിൽ പഴകിയ ഭക്ഷണം പിടികൂടി. 12 ഹോട്ടലുകളിലായിരുന്നു പരിശോധന. സെൻറ് ജെയിംസ് ആശുപത്രി കാൻറീൻ, ആനമല ജങ്ഷനിലെ പാരഡൈസ് ഹോട്ടൽ, ടൗൺഹാളിന് മുന്നിലെ മോഡി ലൈവ് ബേക്സ്, ഹർഷവർധന ബാർ, കാരിസ് ഫാസ്റ്റ് ഫുഡ് എന്നിവിടങ്ങളിൽനിന്നാണ് പടികൂടിയത്.ഇറച്ചി വിഭവങ്ങൾ, മുട്ട, മീൻ, സാലഡുകൾ, ബിരിയാണി റൈസ്, ചപ്പാത്തി, ആട്ട, നിരവധി വട്ടം ഉപയോഗിച്ച് എണ്ണ തുടങ്ങിയവ പടിച്ചെടുത്തു. വൃത്തിഹീനമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾക്ക് നോട്ടീസ് നൽകി. ഹെൽത്ത് സൂപ്പർവൈസർ കെ.ആർ. രമേശ് നേതൃത്വം നൽകി.



# ഒറ്റ ഫോണിൽ വീട്ടുമുറ്റത്തെത്തും മൃഗഡോക്ടർ

**കൊടുങ്ങല്ലൂർ:** മൃഗചികിത്സ സംവിധാനങ്ങൾ വീടുകളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ കയ്പമംഗലം മണ്ഡലത്തിലെ മുഴുവൻ പഞ്ചായത്തുകളിലും സേവനം ലഭിക്കുന്ന രീതിയിൽ മൊബൈൽ വെറ്ററിനറി യൂനിറ്റ് സജ്ജമാക്കുന്നു. 24 മണിക്കൂർ പ്രവർത്തിക്കുന്ന 1962 എന്ന ടോൾഫ്രീ നമ്പറിൽ ഒരു കേന്ദ്രീകൃത കോൾ സെന്റർ വഴിയാണ് പ്രവർത്തനം.കന്നുകാലികളെ വളർത്തുന്നവരിൽ നിന്ന് കോളുകൾ സ്വീകരിക്കുകയും അവ കോൾ സെന്ററിലെ വെറ്ററിനറി ഡോക്ടർക്ക് കൈമാറുകയും ചെയ്യും. വെറ്ററിനറി സർജൻ, പാരാവെറ്ററിനറി സ്റ്റാഫ്, ഡ്രൈവർ കം അറ്റെൻഡർ എന്നിവർ വാഹനത്തിൽ ഉണ്ടായിരിക്കും. ഉച്ചക്ക് ഒന്നുമുതൽ രാത്രി എട്ടു വരെയാണ് സേവനം.യൂനിറ്റിൽ രോഗനിർണയ ചികിത്സ, വാക്സിനേഷൻ, കൃത്രിമ ബീജസങ്കലനം, ചെറിയ ശസ്ത്രക്രിയകൾ, ദൃശ്യ-ശ്രവ്യ സഹായങ്ങൾ, ചികിത്സിക്കുന്നതിനുള്ള മറ്റ് ഉപകരണങ്ങൾ എന്നിവ ഉണ്ടാവും.കന്നുകാലികൾക്കും കോഴികൾക്കും ചികിത്സക്ക് 450 രൂപയും കന്നുകാലികളുടെ കൃത്രിമ ബീജസങ്കലനത്തിന് അധികമായി 50 രൂപയും വളർത്തുമൃഗങ്ങൾക്ക് 950 രൂപയും ഒരേ പരിസരത്തെ കന്നുകാലി, വളർത്തുമൃഗങ്ങളുടെ ചികിത്സക്ക് 950 രൂപയുമാണ് ഫീസ് ഈടാക്കുക.കേന്ദ്ര-സംസ്ഥാന സർക്കാറുകൾ സംയുക്തമായി നടപ്പാക്കുന്ന ലൈവ് സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ എന്ന പദ്ധതിയുടെ കീഴിലാണ് യൂനിറ്റുകൾ പ്രവർത്തിക്കുകയെന്ന് ഇ.ടി. ടൈസൺ എം.എൽ.എ അറിയിച്ചു.

# ചാലക്കുടി അടിപ്പാത: നിർമാണം സജീവം



**ചാലക്കുടി :** ദേശീയപാതയിൽ അടിപ്പാതനിർമാണം വീണ്ടും സജീവമായി. കഴിഞ്ഞ മൂന്നു ദിവസമായി നിർമാണം പേരിനു മാത്രമാണ് നടന്നിരുന്നത്. അപ്രോച്ച് റോഡിനായുള്ള മണ്ണെത്തിക്കുന്നതിന് തടസ്സം വന്നതോടെയായിരുന്നു നിർമാണത്തിന് വേഗം കുറഞ്ഞത്. എന്നാൽ, വ്യാഴാഴ്ച രാവിലെ ടിപ്പർലോറികളിൽ മണ്ണെത്തിച്ചുതുടങ്ങി. പ്രദേശവാസികളുടെ എതിർപ്പും ടിപ്പർലോറിക്കാരുടെ നിസ്സഹകരണവുമാണ് മണ്ണെടുപ്പ് താത്കാലികമായി നിർത്തിവെക്കാൻ കാരണം.സർക്കാർ അനുവദിച്ച പരിധിയിലേ ലോഡ് കയറ്റാനാകൂവെന്നായിരുന്നു ലോറിക്കാരുടെ വാദം. ഈ പ്രശ്നം ചർച്ചചെയ്തു തീർത്തതായി അടിപ്പാത നിർമാണ കരാർ കമ്പനി വക്താക്കൾ പറഞ്ഞു. മണ്ണെടുക്കുന്നതിന് എതിർപ്പുണ്ടാകേണ്ട കാര്യമില്ലെന്നും നിയമപരമായ എല്ലാ നടപടികളും പാലിച്ചശേഷമാണ് മണ്ണെടുക്കുന്നതെന്നും കരാറുകാർ പറഞ്ഞു. മൈനിങ് ആൻഡ് ജിയോളജി വകുപ്പാണ് പെർമിറ്റ് നൽകിയിട്ടുള്ളത്. നിബന്ധനങ്ങളും വിശദാംശങ്ങളും പരിയാരം ഗ്രാമപ്പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ടെന്നും അവർ അറിയിച്ചു.മണ്ണെത്തിയതോടെ അടിപ്പാതയിലെ പ്രധാന ഘടനയിലേക്കുള്ള അപ്രോച്ച് റോഡിന്റെ ഫില്ലിങ് തുടങ്ങി. റോഡിന്റെ ഉയരം കൂടുന്നതിനനുസരിച്ച് അരികുഭിത്തി പ്രീകാസ്റ്റഡ് കോൺക്രീറ്റ് ഭിത്തികൾ ഉപയോഗിച്ച് ഉയരത്തിലാക്കുന്ന ജോലികളും നടക്കുന്നുണ്ട്.

# പാവറട്ടിയിൽ 40 വിദ്യാർഥികൾക്ക് കടന്നൽ കുത്തേറ്റു



**പാവറട്ടി:** ക്രൈസ്റ്റ് കിങ് ഗേൾസ് ഹൈസ്കൂളിൽ 40 വിദ്യാർഥികൾക്ക് കടന്നൽ കുത്തേറ്റു. വ്യാഴാഴ്ച ഉച്ചക്ക് ഒന്നേകാലോടെ ഭക്ഷണം കഴിക്കാൻ പുറത്തിറങ്ങിയപ്പോഴാണ് സംഭവം. സമീപത്തെ വീട്ടിലെ പനയുടെ മുകളിലെ കടന്നൽ കൂട് ഇളകിയാണ് ആക്രമിച്ചത്. വിദ്യാർഥികളെ ഉടൻ സമീപത്തെ സ്വകാര്യ ആശുപത്രിയിലെത്തിച്ചു.സംഭവത്തെ തുടർന്ന് ഭൂരിഭാഗം വിദ്യാർഥികളും ഭയചകിതരായതിനാൽ ക്ലാസുകൾ നിർത്തി. സംഭവത്തിന് ശേഷം പി.ടി.എ യോഗം ചേർന്നു. കുട്ടികൾക്ക് ബോധവത്കരണം നൽകാനും കൗൺസലിങ് നടത്താനും യോഗം തീരുമാനിച്ചു. കൂട് നശിപ്പിക്കാൻ നടപടിയെടുത്തതായി പ്രധാനാധ്യാപിക പറഞ്ഞു.



# മൂന്നുപേരെ ആക്രമിച്ച നായയ്ക്ക് പേവിഷബാധ : നായ്ക്കൾക്ക് വാക്സിനേഷൻ തുടങ്ങി

**പോർക്കുളം :** ഗ്രാമപ്പഞ്ചായത്തിൽ തെരുവുനായ്ക്കൾക്ക് വാക്സിനേഷൻ ആരംഭിച്ചു. കഴിഞ്ഞ ദിവസങ്ങളിലായി മേഖലയിൽ ഒമ്പതുവയസ്സുകാരൻ ഉൾപ്പെടെ മൂന്നുപേർക്ക് തെരുവുനായയുടെ ആക്രമണത്തിൽ പരിക്കേറ്റിരുന്നു. ആക്രമിച്ച തെരുവുനായക്ക് പരിശോധനയിൽ പേവിഷബാധ സ്ഥിരീകരിച്ചതിനെ തുടർന്നാണ് പഞ്ചായത്തിലെ മുഴുവൻ വാർഡിലുമായി അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായകൾക്ക് വാക്സിനേഷൻ ആരംഭിച്ചത്.വ്യാഴാഴ്ച രാവിലെ ഏഴു മുതൽ ആരംഭിച്ച വാക്സിനേഷൻ വൈകീട്ട് ആറ് വരെ നീണ്ടുനിന്നു. പഞ്ചായത്തിലെ മുഴുവൻ വാർഡിലുമായി ആദ്യ റൗണ്ട് വാക്സിനേഷൻ പൂർത്തീകരിച്ചു. പ്രത്യേകം പരിശീലനം ലഭിച്ച ക്യാച്ചർമാരാണ് നായ്ക്കളെ പിടികൂടി വാക്സിനേഷൻ നൽകുന്നതിന് സഹായിക്കുന്നത്. വാക്സിനേഷൻ നൽകിയവയെ തിരിച്ചറിയുന്നതിന് അടയാളപ്പെടുത്തുന്നുമുണ്ട്.ആദ്യ ദിനം 76 തെരുവുനായ്ക്കൾക്കാണ് വാക്സിനേഷൻ നൽകിയത്. രണ്ടാം ഘട്ടം അടുത്ത ദിവസം ആരംഭിക്കുമെന്ന് പഞ്ചായത്ത് അധികൃതർ പറഞ്ഞു. വെറ്ററിനറി സർജൻ ഡോ. യു. സലിൽ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരായ കെ.എൽ. ഷീബ, കെ.കെ. പ്രിയ, ഹെൽപ്പർ പി.ബി. അനിൽകുമാർ, ഡോഗ് ക്യാച്ചർമാരായ രമണി സത്യൻ, ശാന്തി തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള സംഘമാണ് വാക്സിനേഷന് നേതൃത്വം നൽകിയത്.



# വൈദ്യുതത്തൂണിന് തീപിടിച്ചുഷൊർണൂരിൽ രാത്രി മുഴുവൻ വൈദ്യുതി മുടങ്ങി

**ഷൊർണൂർ :** ചുഡുവാലത്തൂരിൽ വൈദ്യുതത്തൂണിന് മുകളിൽ തീപിടിച്ചത് ആശങ്ക പരത്തി. വൈദ്യുതത്തൂണിന് മുകളിൽ കെട്ടിയിരുന്ന വയറുകൾ പൂർണമായും കത്തിനശിച്ചു.കെ ഫോൺ, കേബിൾ ടി.വി. വയറുകൾ ഉൾപ്പെടെയാണ് കത്തിനശിച്ചത്. ബുധനാഴ്ച രാത്രി പത്തോടെയാണ് സംഭവം. ഇതോടെ, ടൗൺ ഉൾപ്പെടെയുള്ള പ്രദേശത്തെ വൈദ്യുതി വിതരണം രാത്രി മുഴുവൻ നിലച്ചു.വൈദ്യുതത്തൂണിന് മുകളിൽ തീപടർന്നത് ശ്രദ്ധയിൽപ്പെട്ട സമീപവാസികൾ കെ.എസ്.ഇ.ബി. അധികൃതരെയും അഗ്നിരക്ഷാസേനയെയും അറിയിക്കുകയായിരുന്നു. ഇവർ പെട്ടെന്ന് സ്ഥലത്തെത്തിയെങ്കിലും വൈദ്യുതത്തൂണിന് മുകളിലൂടെ പോകുന്ന 11 കെ.വി. ലൈൻ ഓഫാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താത്തതിനാൽ അഗ്നിരക്ഷാവിഭാഗത്തിന് വെള്ളമൊഴിച്ച് തീയണയ്ക്കാനായില്ല.കെ.എസ്.ഇ.ബി. അധികൃതരും സ്ഥലത്തെത്തിയിരുന്നെങ്കിലും 11 കെ.വി. ലൈൻ ഓഫാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കാനുള്ള ഉദ്യോഗസ്ഥരാരും എത്തിയിരുന്നില്ല.ഇതുകൊണ്ടുതന്നെ ഒരുമണിക്കൂറോളം വൈദ്യുതത്തൂണിന് മുകളിൽ തീപടരുന്നതും വയറുകൾ കത്തിനശിക്കുന്നതും അഗ്നിരക്ഷാവിഭാഗത്തിനും നാട്ടുകാർക്കും നോക്കിനിൽക്കേണ്ടിവന്നു.പിന്നീട് 11 കെ.വി. ലൈൻ ഓഫാക്കിയെന്ന് കെ.എസ്.ഇ.ബി. ഓഫീസിൽനിന്ന് ഉറപ്പുലഭിച്ചശേഷമാണ് തീയണയ്ക്കാനായത്. ഈസമയമത്രയും ഭീതിയിലായിരുന്നെന്ന് പ്രദേശവാസികൾ പറഞ്ഞു.വൈദ്യുതപോസ്റ്റിനുമുകളിൽ തീപടർന്നത് ഫ്യൂസ് കാരിയറിനുള്ളിൽ നിന്നാകാമെന്നാണ് പ്രാഥമികനിഗമനം.

# ക്രിസ്മസ്: കെ.എസ്.ആർ.ടി.സിക്ക് പാലക്കാട് ജില്ലയിൽ റെക്കോഡ് വരുമാനം




**പാലക്കാട്:** ക്രിസ്മസ് അവധിക്കാലത്ത് ജില്ലയിൽ കെ.എസ്.ആർ.ടി.സിക്ക് റെക്കോഡ് വരുമാനം. ഡിസംബർ 22 മുതൽ ജനുവരി മൂന്നുവരെ പാലക്കാട്, മണ്ണാർക്കാട്, വടക്കഞ്ചേരി, ചിറ്റൂർ ഡിപ്പോകളിൽനിന്നുള്ള കലക്ഷൻ വരുമാനം 3,90,11,531 രൂപയായി ഉയർന്നു. ഈ ദിവസങ്ങളിൽ 7,28,666 യാത്രക്കാർ കെ.എസ്.ആർ.ടി.സിയെ ആശ്രയിച്ചതായി അധികൃതർ അറിയിച്ചു. അവധി ആരംഭിക്കുന്ന ക്രിസ്മസ് തലേന്നാണ് ഏറ്റവും ഉയർന്ന കലക്ഷൻ; 35,88,286 രൂപ. ഈ ദിവസം 67,982 പേർ യാത്ര ചെയ്തു.ഏറ്റവും കൂടുതൽ സർവിസുകൾ ഓപറേറ്റ് ചെയ്യുന്ന പാലക്കാട് ഡിപ്പോയാണ് കലക്ഷനിൽ മുന്നിൽ. ക്രിസ്മസ് സീസണിൽ 2,22,34,235 രൂപയാണ് പാലക്കാട് ഡിപ്പോയുടെ വരുമാനം. ഈ ദിവസങ്ങളിൽ 3,57,869 യാത്രക്കാർ ഡിപ്പോയിൽനിന്നുള്ള സർവീസുകളെ ആശ്രയിച്ചു. ക്രിസ്മസ് തലേന്നാളാണ് പാലക്കാട് ഡിപ്പോയിലും ഉയർന്ന കലക്ഷൻ. 33895 യാത്രക്കാരുണ്ടായിരുന്ന ഈ ദിവസം ഡിപ്പോയുടെ വരുമാനം 20,79,995 രൂപ. വടക്കഞ്ചേരി ഡിപ്പോയിലാണ് സീസണിലെ ഏറ്റവും കുറഞ്ഞ കലക്ഷൻ. ഡിസംബർ 22 മുതലുള്ള 13 ദിവസങ്ങളിൽ വടക്കഞ്ചേരി ഡിപ്പോയുടെ ആകെ കലക്ഷൻ 47,39,949 രൂപയാണ്. യാത്രക്കാർ 114338 പേരും.

# ഫേസ്ബുക്ക് സൗഹൃദം: യുവതിയിൽ നിന്ന് പണം തട്ടിയ യുവാവ് പിടിയിൽ



**പാലക്കാട്:** ഫേസ്ബുക്കിലൂടെ സൗഹൃദം നടിച്ച് പുതുശ്ശേരി കുരുടിക്കാട് സ്വദേശിനിയായ യുവതിയിൽ നിന്ന് 8,55,500 രൂപ തട്ടിയെടുത്ത കേസിൽ യുവാവ് പിടിയിൽ. മുംബൈ ജി.ടി.ബി നഗർ ജെ.കെ. ബാസിൻ മാർഗ് പഞ്ചാബി കോളനി സ്വദേശി ദിപേഷ് സന്തോഷ് മാസാനിയെയാണ്(23) കസബ പൊലീസ് ഇൻസ്പെക്ടർ എൻ.എസ്. രാജീവും സംഘവും മുംബൈയിൽ നിന്ന് പിടികൂടിയത്.2021 ആഗസ്റ്റിലാണ് കേസിനാസ്പദമായ സംഭവം. യുവാവിന്റെ ഫേസ്ബുക്ക് അക്കൗണ്ടിൽ നിന്ന് യുവതിക്ക് ഫ്രണ്ട് റിക്വസ്റ്റ് വന്നിരുന്നെങ്കിലും യുവതി സ്വീകരിച്ചില്ല. പിന്നീട് സ്ഥിരമായി ചാറ്റ് ചെയ്ത് യുവതിയെ വലയിൽ വീഴ്ത്തുകയായിരുന്നു. യുവതിയെകാണാൻ നാട്ടിലേക്ക് വരുന്നുണ്ടെന്നും എന്നാൽ നാട്ടിലേക്ക് വരുന്നതിനു മുമ്പായി വിലപിടിപ്പുള്ള ഒരു സമ്മാനം താൻ നാട്ടിലേക്ക് അയച്ചിട്ടുണ്ടെന്നും ഇയാൾ യുവതിയെ പറഞ്ഞ് വിശ്വസിപ്പിച്ചു.കസ്റ്റംസിന്റെ കൈയിൽ നിന്ന് നേരിട്ട് വാങ്ങാൻ ആവശ്യപ്പെട്ട ഇയാൾ കൈപ്പറ്റാൻ കസ്റ്റംസിന് പണം അടക്കണമെന്നും പറഞ്ഞു. ആദ്യം യുവതി മടിച്ചെങ്കിലും കോടിക്കണക്കിന് രൂപയുടെ സമ്മാനമാണ് താൻ അയച്ചിരിക്കുന്നതെന്നും അതുകൊണ്ട് 8.5 ലക്ഷം ഒരിക്കലും ഒരു നഷ്ടമാകില്ല എന്നും ഇയാൾ പറഞ്ഞു വിശ്വസിപ്പിച്ചു. രണ്ട് അക്കൗണ്ടുകളിലായി നാല് തവണകളായി യുവതി 8,55,500 രൂപ അയച്ചുകൊടുത്തു.എന്നാൽ പിന്നീട് അയാളുടെ ഒരു വിവരവും ലഭിച്ചില്ല. ഇതോടെ താൻ ചതിക്കപ്പെടുകയായിരുന്നുവെന്ന് മനസ്സിലായ യുവതി പൊലീസിൽ പരാതി നൽകുകയായിരുന്നു. കസബ ഇൻസ്പെക്ടർ എൻ.എസ്. രാജീവ്, സബ് ഇൻസ്പെക്ടർ ജഗ് മോഹൻ ദത്ത, സീനിയർ സിവിൽ പൊലീസ് ഓഫിസർമാരായ കാജാഹുസൈൻ, നിഷാദ്, മാർട്ടിൻ എന്നിവരടങ്ങുന്ന സംഘമാണ് മുംബൈയിൽ പോയി പ്രതിയെ പിടികൂടിയത്.



# ചെറുകിട സംരംഭങ്ങളുടെ വികസനത്തിന് ക്ലസ്റ്ററുകൾ വരുന്നു

**പാലക്കാട് :** സംസ്ഥാനത്ത് കഞ്ചിക്കോട്, കൊച്ചിയടക്കമുള്ള വ്യവസായമേഖലകളിലെ സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾ (എം.എസ്.ഇ.) ഇനി ക്ലസ്റ്റർ അടിസ്ഥാനത്തിൽ വികസിപ്പിക്കും. ഇതിനുള്ള നടപടികൾക്ക് വ്യവസായവകുപ്പ് മാർഗരേഖ തയ്യാറാക്കി.ഉത്പാദനരീതി, സാങ്കേതിക വിദ്യ, നഷ്ടസാധ്യത തുടങ്ങിയവയിൽ സാമ്യമുള്ള സംരംഭങ്ങളെ കോർത്തിണക്കിയാണ് ക്ലസ്റ്ററുകൾ ഒരുക്കുക. ഓരോമേഖലയുടെയും പ്രത്യേകതകൾ അനുസരിച്ച് സംരംഭങ്ങളുടെ വികസനപദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള കോമൺ ഫെസിലിറ്റി സെന്റർ (സി.എഫ്.സി.) തുടങ്ങാനും നടപടിയുണ്ടാകും.സി.എഫ്.സി.കൾ വഴി സംരംഭങ്ങൾക്കാവശ്യമായ പ്രവർത്തന മൂലധനം, സാങ്കേതിക സഹായം, ഉത്പന്ന ബ്രാൻഡിങ്, വിപണി സഹായം എന്നിവ ഒരുക്കാനും നടപടിയുണ്ടാകുമെന്ന് വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻബില്ല പറഞ്ഞു. സംസ്ഥാനത്ത് ഒരുലക്ഷം തൊഴിൽസംരംഭപദ്ധതി നടപ്പാക്കിയതോടെ ചെറുസംരംഭങ്ങളുടെ എണ്ണത്തിൽ വലിയ വർധനയുണ്ടായിട്ടുണ്ട്.





# പരിസ്ഥിതിലോല മേഖല: കരുവാരകുണ്ടിൽ മുന്നൂറോളം ഏക്കർ

**കരുവാരകുണ്ട്:** കരുതൽ മേഖലയുടെ പുതിയ മാപ്പിൽ കരുവാരകുണ്ട് പഞ്ചായത്തിലെ 300 ഏക്കറോളം സ്വകാര്യ ഭൂമി ഉൾപ്പെട്ടതായി സൂചന. കരുവാരകുണ്ട്, കേരള എസ്റ്റേറ്റ് വില്ലേജുകളിലെ 46 സർവെ നമ്പറുകളിലുള്ള കൃഷിഭൂമിയാണിത്.ഈ ഭൂമി മുഴുവനായും ജിയോടാഗ് നടത്തി കരുതൽ മേഖലയിൽ നിന്ന് ഒഴിവാക്കാനുള്ള ശ്രമം പഞ്ചായത്ത് ആരംഭിച്ചു. പഞ്ചായത്ത് അധികൃതർ വിളിച്ചുചേർത്ത സർവകക്ഷി യോഗമാണ് ഈ തീരുമാനമെടുത്തത്.പഞ്ചായത്തിലെ നാല് വാർഡുകളിലായാണ് ഈ ഭൂമിയുള്ളത്. വാർഡ് അംഗങ്ങൾക്കും ഓരോ ഉദ്യോഗസ്ഥർക്കുമാണ് ഇതിന്റെ ചുമതല നൽകിയിരിക്കുന്നത്. പരാതി സമർപ്പിക്കാനുള്ള അവസാന ദിനമായ ഏഴിനകം നടപടികൾ പൂർത്തിയാക്കും. വൈസ് പ്രസിഡന്റ് മഠത്തിൽ ലത്തീഫ് അധ്യക്ഷത വഹിച്ചു.സെക്രട്ടറി കെ. സാനിർ, സ്ഥിരം സമിതി അധ്യക്ഷരായ ഷീബ പള്ളിക്കുത്ത്, ഷീന ജിൽസ്, പാർട്ടി പ്രതിനിധികളായ കെ.കെ ജയിംസ്, പി.കെ. നാസർ, മാത്യു സെബാസ്റ്റ്യൻ കുരിശുമ്മൂട്ടിൽ, കെ.യു. തോമസ്, ജോസ് ഉള്ളാട്ടിൽ, വയലിൽ ജോയ്, ടി.ഡി. ജോയ്, ഒ.പി. ഇസ്മായീൽ, കരുവാരകുണ്ട്, കേരള വില്ലേജ് ഓഫിസർമാരുടെ ചുമതലയുള്ളവർ എന്നിവർ പങ്കെടുത്തു.സൈലന്റ് വാലി ദേശീയോദ്യാനത്തിന് ചുറ്റുമുള്ള പരിസ്ഥിതിലോല മേഖല നിലവിലെ വനാതിർത്തിയിൽ ഒതുങ്ങുന്നതാണെന്ന് സൈലന്റ് വാലി ഡി.എഫ്.ഒ വിനോദ്. വനാതിർത്തിയുടെ പുറത്തേക്ക് ലോല മേഖല ഉണ്ടാവില്ല. മേഖലയുടെ മാപ്പിൽ വനാതിർത്തിക്ക് പുറത്തുള്ള സർവേ നമ്പറുകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ഫീൽഡ് സർവേ വഴി വനമേഖലയല്ലെന്ന് ഉറപ്പുവരുത്തിയ ശേഷം മാപ്പിൽ നിന്ന് ഒഴിവാക്കുമെന്നും അദ്ദേഹം പറഞ്ഞു. വനം കൈയേറിയതാണെങ്കിൽ മാപ്പിൽ ഉൾപ്പെട്ടത് ഒഴിവാക്കാനാവില്ലെന്നും ഡി.എഫ്.ഒ അറിയിച്ചു.

# ഇരിമ്പിളിയം പുറമണ്ണൂരിൽ മുല്ലപ്പൂകൃഷി തുടങ്ങി



**വളാഞ്ചേരി :** ഇരിമ്പിളിയം ഗ്രാമപ്പഞ്ചായത്തിലെ പുറമണ്ണൂരിൽ ഇനി മുല്ലപ്പൂക്കളുടെ സുഗന്ധം പരക്കും. ബ്ലോക്ക് പഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിൽ അഞ്ചുലക്ഷം വകയിരുത്തി നടപ്പാക്കുന്ന കുറ്റിമുല്ലപ്പൂ കൃഷിയിലൂടെയാണ് പുറമണ്ണൂർ സുഗന്ധപൂരിതമാകുക. പെരുമ്പറമ്പ് കണക്കത്തൊടി പലകണ്ടത്തിൽ ജാഫറിന്റെ 50 സെന്റ് സ്ഥലത്താണ് പൂക്കൃഷിക്ക് തുടക്കംകുറിച്ചത്.ബ്ലോക്ക് പ്രസിഡന്റ് വസീമ വേളേരി ഉദ്ഘാടനം നിർവഹിച്ചു. ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് കെ. മാനുപ്പ അധ്യക്ഷത വഹിച്ചു. വി.ടി. അമീർ, പി.സി.എ. നൂർ, കെ.എം. അബ്ദുറഹ്മാൻ, കെ. ജസീന, കൃഷി ഓഫീസർ ഇ. മഞ്ജു മോഹൻ, എൻ.ആർ.ജി.എസ്. ഓവർസിയർ ഹാഷിം, മേറ്റ് രമണി എന്നിവർ പ്രസംഗിച്ചു.ത്.ത്തിനകം മുല്ലപ്പൂ വിളവെടുക്കാൻ പാകത്തിലാണ് കൃഷിയിറക്കിയത്.




# കുഴലിടാൻ റോഡിൽ കിടങ്ങെടുത്തു എടവണ്ണയിൽ അപകടം പതിവാകുന്നു

**എടവണ്ണ :** നാടുകാണി-പരപ്പനങ്ങാടി പാതയിൽ അപകടങ്ങൾ പതിവാകുന്നു. കുടിവെള്ളപദ്ധതിക്ക് കുഴലിടാനെടുത്ത റോഡിലെ കിടങ്ങുകൾ നികത്താത്തതാണ് കാരണം. വ്യാഴാഴ്ച രാവിലെയും അപകടം ഉണ്ടായി. കിടങ്ങിൽ ബൈക്ക് തെന്നി വീഴുകയും തൊട്ട് പിറകിലുണ്ടായിരുന്ന ലോറി ബൈക്ക് യാത്രക്കാരന്റെ കാലിൽ കയറുകയും ചെയ്ത് ബൈക്ക് യാത്രക്കാരനായ പത്തപ്പിരിയം പറമ്പൻ ഫൈസൽ ബാബുവിന് പരിക്കേറ്റു. ഈ ബൈക്ക് തട്ടി കാൽനടയാത്രക്കാരനായ പൂളക്കൽ മുഹമ്മദി(65)നും പരിക്കേറ്റിട്ടുണ്ട്.ഫൈസൽബാബുവിനെ ആദ്യം എടവണ്ണ ഇ.എം.സി. ആശുപത്രിയിലും പിന്നീട് പെരിന്തൽമണ്ണ അൽശിഫ ആശുപത്രിയും പ്രവേശിപ്പിച്ചു. മുഹമ്മദിനെ മഞ്ചേരി ഏറനാട് ആശുപത്രിയിലും പ്രവേശിപ്പിച്ചു. രാവിലെ 11-ഓടെയാണ് അപകടം.പാതയോരത്തെ കിടങ്ങിൽ ബൈക്ക് മറിഞ്ഞ് ഒരാഴ്ച മുൻപ് എടവണ്ണ മുത്തളത്തെ അറയിലകത്ത് സഫറുള്ളയ്ക്കും പരിക്കേറ്റിരുന്നു. നിരന്തരം അപകടങ്ങൾ ഉണ്ടായിട്ടും അധികൃതർ നടപടികൾ കുടിവെള്ള പദ്ധതിക്ക് കുഴലിടാൻ റോഡിൽ കിടങ്ങുകൾ കീറിയിട്ട് 10 മാസം കഴിഞ്ഞു. ഇത് നന്നാക്കുന്ന കാര്യത്തിൽ പൊതുമരാമത്ത് വകുപ്പും ജല അതോറിറ്റിയും പരസ്പരം പഴിചാരി ഒഴിഞ്ഞുമാറുകയാണ്. റോഡിൽ പൊടിപടലങ്ങൾ കാരണം വ്യാപാരികളും കഷ്ടത്തിലാണ്. എടവണ്ണ ബസ്സ്റ്റാൻഡ് പരിസരം മുതൽ സീതിഹാജിപാലം വരെയാണ് റോഡിൽ കിടങ്ങുകൾ കീറിയത്. പാതയുടെ ഒരു ഭാഗം നീളത്തിൽ കുഴിച്ചെടുത്താണ് കുഴലുകൾ സ്ഥാപിച്ചത്.





# മലപ്പുറം ജില്ലയിലെ വിരുന്നുകാരായി ഓർത്തോലാൻ ബണ്ടിങ്, സ്പാനിഷ് സ്പാരോ

**മലപ്പുറം:** ജില്ലയിലെ വിരുന്നുകാരായി ഓർത്തോലാൻ ബണ്ടിങ് (തോട്ടക്കാരൻ തിന കുരുവി), സ്പാനിഷ് കുരുവി പക്ഷികളെ പൊന്നാനിയിൽ കണ്ടെത്തിയതായി മലപ്പുറം ബേർഡേഴ്സ് സംഘം. സംസ്ഥാനത്ത് ആദ്യമായാണ് ഈ പക്ഷികളെ കണ്ടെത്തുന്നത്. യൂറോപ്പിൽനിന്ന് തണുപ്പ്കാലത്ത് ദേശാടനം ചെയ്യുന്ന ഇവ ചൂട് കാലത്ത് ആഫ്രിക്കയിലേക്ക് പറക്കും.ആറുവർഷങ്ങൾക്ക് മുമ്പ് വിദ്യാർഥികളും അധ്യാപകരും പക്ഷി നിരീക്ഷകരും മറ്റു ജോലിക്കാരും ഉൾപ്പെടുന്ന നൂറ്റമ്പതോളം പേർ അംഗങ്ങളായതാണ് ഈ സംഘം. ജില്ലയിലെ പക്ഷികളെ നിരീക്ഷിക്കുകയാണ് ലക്ഷ്യം. വനമേഖല, തീരദേശം, ചതുപ്പ് നിലം എന്നിങ്ങനെ തിരിച്ചാണ് പഠനം. ചങ്ങരംകുളം ഉപ്പുങ്ങൽ കോൾ പാടം, വാഴയൂർ കുന്ന്, നിലമ്പൂർ വനം, പൊന്നാനി തീരദേശം, തിരൂരങ്ങാടി വെഞ്ചാലിപ്പാടം, വള്ളിക്കുന്ന്, തിരുനാവായ തുടങ്ങിയ സ്ഥലങ്ങളിലാണ് നിരീക്ഷണം നടത്തുന്നത്. നിലമ്പൂരിൽനിന്ന് റെഡ് ഹെഡഡ് ബണ്ടിങ്, ടൈഗ പാറ്റ പിടിയൻ, വാഴയൂരിൽനിന്ന് ഷോർട്ട് ഇയർഡ് മൂങ്ങയെയും കണ്ടെത്തിയിരുന്നു. അഞ്ചുവർഷമായി ജില്ലയിൽ ദേശാടന പക്ഷികളുടെയും എണ്ണം കുറഞ്ഞുവരുകയാണെന്ന് ഇവർ പറയുന്നു. കാലാവസ്ഥ വ്യതിയാനം, ക്വാറിയുടെ പ്രവർത്തനം ഉൾപ്പെടെ ആവാസ വ്യവസ്ഥയെ തകർക്കുന്ന പ്രവർത്തനങ്ങളാണ് ഇതിന് കാരണമെന്നും ഇവർ ചൂണ്ടിക്കാട്ടുന്നു. കരിമ്പുഴയിൽ പക്ഷി സർവേ കരിമ്പുഴ വന്യജീവി സങ്കേതത്തിൽ ഫെബ്രുവരി ആദ്യ വാരം മുതൽ പക്ഷി സർവേ സംഘടിപ്പിക്കുമെന്ന് സൗത്ത് ഡി.എഫ്.ഒ അറിയിച്ചു. സംസ്ഥാനത്തെ ഏറ്റവും അവസാനമായി രൂപവത്കരിച്ച വന്യജീവി സങ്കേതമാണ് നിലമ്പൂർ കരുളായിയിലെ കരിമ്പുഴ.



## പൊയിൽക്കാവ് ഹയർ സെക്കൻഡറിയുടെ കുത്തകയായി സംസ്കൃത നാടകം

**കോഴിക്കോട്:** സംസ്കൃത നാടകത്തിൽ ഇത്തവണയും തിളങ്ങി പൊയിൽക്കാവ് ഹയർ സെക്കൻഡറി സ്കൂൾ. 20 വർഷമായി സംസ്കൃത നാടകവുമായി ഈ സ്കൂളിലെ മിടുക്കന്മാർ സംസ്ഥാന തലത്തിൽ മത്സരിക്കാൻ എത്തുന്നത്.കാളിദാസന്റെ പ്രസിദ്ധമായ അഭിജ്ഞാനശാകുന്തളത്തിലെ രംഗത്തെ ആവിഷ്കരിച്ച് കാലടി സർവകലാശാലയിലെ എം.കെ. സുരേഷ് ബാബുവാണ് നാടകം ഒരുക്കിയത്. 20 വർഷവും കുട്ടികളെ സംസ്ഥാന കലോത്സവത്തിനു തയാറാക്കിയത് ഇദ്ദേഹമാണ്.



## കല്ലായിപ്പുഴ കൈയേറി നിർമാണം

**കോഴിക്കോട് :** മൂര്യാട് പാലത്തിനുസമീപം കല്ലായിപ്പുഴ കൈയേറി നിർമാണം. പുഴയിൽ പൈലിങ് പ്രവൃത്തികളാണ് നടക്കുന്നത്. തീരദേശ പരിപാലനനിയമം ലംഘിച്ചാണ് നിർമാണമെന്നാണ് ആക്ഷേപം.കല്ലായിപ്പുഴ കൈയേറ്റം ഒഴിപ്പിക്കാൻ നടപടികൾ പുരോഗമിക്കുന്നതിനിടെയാണ് ഇപ്പോഴുള്ള നിർമാണം. സ്വകാര്യവ്യക്തിയാണ് നിർമാണം നടത്തുന്നത്. ഏതാനും മാസംമുമ്പ് പുഴയോരത്തെ അനധികൃതനിർമാണം ഹൈക്കോടതി നിർദേശത്തെത്തുടർന്ന് റവന്യൂ അധികൃതർ പൊളിച്ചുമാറ്റിയിരുന്നു.ബുധനാഴ്ച രാത്രിമുതലാണ് പൈലിങ് പ്രവൃത്തികൾ തുടങ്ങിയതെന്നും രാത്രിയിലും പ്രവൃത്തി നടന്നിരുന്നതായും കല്ലായിപ്പുഴ സംരക്ഷണസമിതി സെക്രട്ടറി ഫൈസൽ പള്ളിക്കണ്ടി പറഞ്ഞു.നിർമാണത്തിനെതിരേ കോർപ്പറേഷൻ സെക്രട്ടറിക്ക് പരാതി നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.നിർമാണവുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിരുന്നെന്നും ഫയൽ പരിശോധിക്കുമെന്നും കോർപ്പറേഷൻ സെക്രട്ടറി കെ.യു. ബിനി പറഞ്ഞു.



## സാന്റാക്ലോസ് റോബോ @ കലോത്സവം

**കോഴിക്കോട്:** സംസ്ഥാന സ്കൂൾ കലോത്സവ വേദിയായ അതിരാണിപ്പാടത്ത് ചായയും മധുരവും പത്രവുമേന്തി റോന്തുചുറ്റുന്ന കുഞ്ഞൻ സാന്റാക്ലോസ് റോബോട്ടിനെ കണ്ട് ഞെട്ടിയവർ ഏറെ. ഇതെന്തൂട്ട് സാധനമെന്ന് തൃശൂർ മാർഗംകളി സംഘം ചോദിച്ചപ്പോൾ റോബോട്ട് മൊതലാളി എട്ടാം ക്ലാസുകാരൻ മുഹമ്മദ് ബാദുഷ വിശദീകരണവുമായെത്തി. സംഭവം ലിറ്റിൽ കൈറ്റ്സിന്റെ കുഞ്ഞൻ റോബോട്ടാണ്.പുല്ലൂരാംപാറ സ്വദേശിയായ മുഹമ്മദ് ബാദുഷയാണ് നിർമിച്ചത്. 15 മീറ്ററോളം ദൂരം മൊബൈൽ വഴി നിയന്ത്രിക്കാം. അഞ്ച് ഗ്ലാസ് ചായ വരെ താങ്ങി ആവശ്യക്കാർക്ക് എത്തിക്കാൻ ഈ കുഞ്ഞന് സാധിക്കും. ബാദുഷ വീട്ടിലിരിക്കുമ്പോൾ കൗതുകത്തിന് വേണ്ടി നിർമിച്ച ക്രിസ്മസ് അപ്പൂപ്പനാണ് ഇപ്പോൾ കലോത്സവ വേദിയിൽ കൗതുകം നിറച്ച് പായുന്നത്.നാല് ചക്രങ്ങളുള്ള പ്ലാറ്റ്ഫോമിലാണ് റോബോട്ടിനെ ഉറപ്പിച്ചത്. 7,500 എം.എ.എച്ച് ബാറ്ററിയിലാണ് പ്രവർത്തനം. തുണിക്കടയിലെ ഡമ്മിയും കാർഡ്ബോർഡും ഉപയോഗിച്ചാണ് രൂപമൊരുക്കിയത്. റോബോട്ടിനെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ അധ്യാപകനാണ് കലോത്സവ പവലിയനിൽ പ്രദർശിപ്പിക്കാമെന്ന് അറിയിച്ചത്. അങ്ങനെയാണ് കുഞ്ഞൻ റോബോട്ട് കലോത്സവത്തിന് എത്തിയത്.പുല്ലൂരാംപാറ സ്വദേശികളായ കുഞ്ഞിമുഹമ്മദിന്റെയും ആശിയാബിയുടെയും അഞ്ചു മക്കളിൽ ഇളയവനായ ബാദുഷക്ക് ചെറുപ്പം മുതൽ റോബോട്ട് കമ്പമുണ്ട്. കളിപ്പാട്ടങ്ങളിലും മറ്റും ബാറ്ററിയും മോട്ടോറും ഘടിപ്പിച്ച് പ്രവർത്തിച്ചായിരുന്നു തുടക്കം. ഏതായാലും ബാദുഷയും റോബോട്ടും കലോത്സവത്തിൽ താരങ്ങളായി.

## മതമില്ലെ ങ്കിലെന്താ...



പത്താം ക്ലാസിലെത്തിയപ്പോൾ ഹൃദ്യ ഹസീനിനോട് മിശ്രവിവാഹിതരായ മാതാപിതാക്കൾ പറഞ്ഞു. 'നിനക്ക് ഏതുമതം വേണമെങ്കിലും സ്വീകരിക്കാം...' പക്ഷേ, മതത്തിന്റെ കോളം ഒഴിച്ചിട്ട് അവൾ അതിരുകൾമായ്ക്കുന്ന കലയെ മതമാക്കി... കഥകളിയെ ഹൃദയത്തിൽപ്രതിഷ്ഠിച്ചു. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഹയർസെക്കൻഡറി വിഭാഗം കഥകളിയിൽ എ ഗ്രേഡ് നേടി അവൾ ഒന്നുകൂടി ഉറപ്പിച്ചുപറഞ്ഞു. കലതന്നെ മതം. രുക്മിണി സ്വയംവരത്തിലെ കൃഷ്ണന്റെ വേഷമാണ് ഹൃദ്യ ആടിയത്. കാലിക്കറ്റ് യൂണിവേഴ്സിറ്റി ഗവ. എച്ച്.എസ്.എസ്. വിദ്യാർഥിയായ ഹൃദ്യ ഹസീൻ ചെനക്കൽ മോസ്കോ പാറയിലെ ശ്രീരാഗത്തിൽ കെ.എച്ച്. റഷീദിന്റെയും ഡോ. ധന്യയുടെയും മകളാണ്. മിശ്രവിവാഹിതരായതിനാൽ മക്കളെ ഒരുമതത്തിലും ചേർത്തില്ല. മുതിർന്നാൽ അവർക്ക് ഇഷ്ടമുള്ള മതം തിരഞ്ഞെടുക്കാൻ അനുവാദംനൽകി.ഹൃദ്യ റംസാൻകാലത്ത് നോമ്പെടുക്കും. വിശ്വാസിയായ അമ്മയ്ക്കൊപ്പം ക്ഷേത്രത്തിൽ പോകും, വിശേഷാവസരങ്ങളിൽ വ്രതമെടുക്കും. നാലാംക്ലാസ് വരെ അറബിക്കും പഠിച്ചു.ഇതിനിടെ കലാമണ്ഡലം അരവിന്ദിന്റെകീഴിൽ കഥകളി പഠനംതുടങ്ങി. കൂടാതെ ഭരതനാട്യവും പഠിച്ചു. പിന്നെ കലയായി ജീവിതം. പൊതുപ്രവർത്തന രംഗത്തും സജീവമാണ് ഹൃദ്യ. കൽമ കാജൽ, മർവ്വ മധുർ എന്നീ സഹോദരികളുണ്ട് ഹൃദ്യയ്ക്ക് .



## ആപ്പിൽ കയറാനാകാതെ കരുതൽമേഖലാ സർവേ മുടങ്ങുന്നു

കരുതൽമേഖലയിലെ നിർമിതികൾ അടയാളപ്പെടുത്താനുള്ള സർവേ കൃത്യമായി നടത്താനാകാത്തത് പഞ്ചായത്തുകളെ വലക്കുന്നു. കേരള റിമോട്ട് സെൻസിങ് ആൻഡ് എൻവയൺമെന്റ് സെന്ററിന്റെ അസറ്റ് മാപ്പർ എന്ന ആപ്പ് വഴിയാണ് വിവരങ്ങൾ സ്ഥലപരിശോധന നടത്തി ആപ് ലോഡ് ചെയ്യുന്നത്. എന്നാൽ, ബുധനാഴ്ചയും വ്യാഴാഴ്ചയും സർവേ നടത്താനിറങ്ങിയവർക്ക് കൃത്യമായി അപ്ലിക്കേഷനിലേക്ക് കയറാനാകാത്ത സ്ഥിതിയാണുണ്ടായത്. മരുതോങ്കര, ചങ്ങരോത്ത് പഞ്ചായത്തുകളിൽ ആപ്പിൽ ലോഗിൻ ചെയ്യാനാകാതെ സർവേ മുടങ്ങി. മറ്റിടങ്ങളിലും പലപ്പോഴും തടസ്സം നേരിട്ടു.ജീവനക്കാരും ജനപ്രതിനിധികളും വൊളന്റിയർമാരും എല്ലാം ഉൾപ്പെട്ട സംഘത്തെ ഒരേസമയം വിവിധ വാർഡുകളിൽ വിവരങ്ങൾ അപ്ലോഡ് ചെയ്യാൻ കൂരാച്ചുണ്ട് പഞ്ചായത്തിൽ നിയോഗിച്ചിട്ടുണ്ട്. എന്നാൽ,കൂടുതൽ പേർ ലോഗിൻചെയ്യാൻ ശ്രമിക്കുമ്പോൾ കഴിയുന്നില്ലെന്ന് പഞ്ചായത്ത് ഉദ്യോഗസ്ഥർ പറഞ്ഞു. ഇരുനൂറോളംപേരുടെ വിവരങ്ങൾ പഞ്ചായത്തിൽ അപ്ലോഡ് ചെയ്തുകഴിഞ്ഞു. ഏഴു വാർഡുകളിലായി 910 നിർമിതികളുണ്ടെന്നാണ് നേരത്തേ കണക്കാക്കിയത്. കൂരാച്ചുണ്ടിൽ കെ.എം. സച്ചിൻദേവ് എം.എൽ.എ. വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗംവിളിച്ച് ജനവാസകേന്ദ്രങ്ങളുടെ ഫീൽഡ്തല വിവരണശേഖരണപുരോഗതി വിലയിരുത്തി. രണ്ടുദിവസത്തിനകം പൂർത്തീകരിക്കാൻ തീരുമാനിച്ചു.ഏഴിനകം പുതിയ അപ്ലിക്കേഷനിൽ വിവരങ്ങൾ അപ്ലോഡ് ചെയ്യാനാണ് നിർദേശം. സർവേ തടസ്സപ്പെട്ടതിനാൽ സമയം നീട്ടിനൽകണമെന്ന് പഞ്ചായത്തുകൾ ആവശ്യപ്പെടുന്നുണ്ട്. നേരത്തേ ഒരുതവണ പഞ്ചായത്ത്, റവന്യൂ, വനംവകുപ്പ് ഉദ്യോഗസ്ഥർ നേരിട്ടുള്ള സ്ഥലപരിശോധന പൂർത്തിയാക്കിയ പഞ്ചായത്തുകളും പുതിയ ആപ്ലിക്കേഷൻപ്രകാരം കെട്ടിടങ്ങൾ വീണ്ടും അടയാളപ്പെടുത്തുകയാണ്. ആപ്പിൽ അടയാളപ്പെടുത്തുമ്പോൾ നേരത്തേയുള്ള ഭൂപടപ്രകാരം കണക്കെടുത്തതിനെക്കാൾ വ്യത്യാസം വരുന്നുണ്ടെന്നാണ് പറയുന്നത്. ചക്കിട്ടപാറ, കൂരാച്ചുണ്ട് പഞ്ചായത്തുകളിലാണ് കൂടുതൽ സ്ഥലങ്ങളും നിർമിതികളും പുതിയ സർവേയിലും ഉൾപ്പെടുന്നത്.ഉപഗ്രഹസർവേ ഭൂപടത്തിൽ ഉൾപ്പെട്ടിരുന്നെങ്കിലും സർക്കാർ രണ്ടാമത് പ്രസിദ്ധീകരിച്ച ഭൂപടത്തിൽ ഉൾപ്പെടാത്തതിനാൽ കൂത്താളി പഞ്ചായത്തിൽ ഫീൽഡ് സർവേ നടത്തുന്നില്ല. വനംവകുപ്പ് ഉദ്യോഗസ്ഥരുമായി ഇക്കാര്യം ചർച്ചനടത്തിയപ്പോൾ പഞ്ചായത്തിലെ സ്ഥലം ഉൾപ്പെടില്ലെന്ന നിർദേശമാണ് ലഭിച്ചതെന്ന് പഞ്ചായത്ത് അധികൃതർ പറഞ്ഞു. അതേസമയം, ചങ്ങരോത്ത്, മരുതോങ്കര പഞ്ചായത്തും രണ്ടാമത്തെ ഭൂപടത്തിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും ഉപഗ്രഹസർവേ ഭൂപടത്തിൽ ഉണ്ടായിരുന്നതിനാൽ ഫീൽഡ് സർവേ നടത്തുന്നുണ്ട്.കട്ടിപ്പാറ പഞ്ചായത്തിൽ രണ്ടാമത്തെ ഭൂപടപ്രകാരം ഒരു സ്വകാര്യ എസ്റ്റേറ്റിന്റെ ഒരുഭാഗംമാത്രമാണ് കരുതൽമേഖലയിൽ ഉൾപ്പെടുന്നത്. ആദ്യഭൂപടത്തിൽ എട്ടുവാർഡുകളിലായി 3200-ഓളം വീടുകൾ ഉൾപ്പെടുന്ന സ്ഥാനത്താണിത്. പുതുപ്പാടി പഞ്ചായത്തിൽ രണ്ട് സ്വകാര്യവ്യക്തികളുടെ എസ്റ്റേറ്റുകൾ മാത്രമാണുള്ളത്. അതിനാൽ പുതിയ മൊബൈൽ ആപ്ലിക്കേഷൻപ്രകാരം ഈ രണ്ടുപഞ്ചായത്തുകളിലും സർവേ നടക്കുന്നില്ല. മരുതോങ്കര പഞ്ചായത്തിൽ മുള്ളൻകുന്ന് ഭാഗത്തെ ഒരു വാർഡിൽ 68 പ്ലോട്ടുകളിലായി 34 വീടുകളും ഏതാനും മറ്റു നിർമിതികളും മാത്രമാണ് കരുതൽ മേഖലയിലുള്ളത്.ചക്കിട്ടപാറ പഞ്ചായത്തിൽ പുതിയ അസറ്റ് മാപ്പർ ആപ്പ് ഉപയോഗിച്ച് നടത്തിയ സർവേ പൂർത്തിയായി. ആകെയുള്ള 15 വാർഡിൽ പത്തുവാർഡും ഉപഗ്രഹസർവേപ്രകാരം കരുതൽമേഖലയിൽ ഉൾപ്പെടുന്നുണ്ട്. ഒന്നുമുതൽ ഏഴുവരെ പൂർണമായും 8,11, 15 വാർഡുകൾ ഭാഗികമായും മേഖലയിൽ വരും. പഞ്ചായത്തിൽ 5061 പരാതികളാണ് കരുതൽമേഖലയുമായി ബന്ധപ്പെട്ട് ലഭിച്ചത്.രണ്ടായിരത്തിൽപ്പരം നിർമിതികൾ സ്ഥലത്തുണ്ടെന്നാണ് കണക്കാക്കിയത്. ചങ്ങരോത്ത് അഞ്ച്, ആറ് വാർഡുകളിലായി 164 നിർമിതികൾ ഉണ്ടെന്നാണ് ഉപഗ്രഹ ഭൂപടപ്രകാരമുള്ള പ്രാഥമിക കണക്ക്. ഫീൽഡ് സർവേ പൂർത്തിയാകുമ്പോൾ മാറ്റങ്ങളുണ്ടാകും.





## കരുതൽ മേഖല; ജനവാസകേന്ദ്രങ്ങളെ ഒഴിവാക്കിയില്ലെങ്കിൽ സമരമെന്ന് ഐ.എൻ.ടി.യു.സി

**സുൽത്താൻ ബത്തേരി:** നൂൽപുഴ പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളും കരുതൽ മേഖലയിൽ ഉൾപ്പെടുന്നത് കർഷകർക്കും തൊഴിലാളികൾക്കും വലിയ ആശങ്ക ഉണ്ടാക്കുന്നതാണെന്നും ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കിയില്ലെങ്കിൽ ശക്തമായ സമരവുമായി മുന്നോട്ടു പോവുമെന്നും ഐ.എൻ.ടി.യു.സി പഞ്ചായത്ത് സമ്മേളനം വ്യക്തമാക്കി.കാടും നാടും വേർതിരിച്ച് വന്യമൃഗങ്ങളിൽ നിന്ന് കൃഷിയും ജീവനും സംരക്ഷിക്കണമെന്നും തൊഴിലുറപ്പ് തൊഴിലാളികളുടെ കൂലി 700 രൂപയാക്കി ഉയർത്തണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. ഐ.എൻ.ടി.യു.സി ജില്ല പ്രസിഡന്റ് പി.പി. ആലി ഉദ്ഘാടനം ചെയ്തു. നൂൽപുഴ പഞ്ചയത്ത് ഐ.എൻ.ടി.യു.സി പ്രസിഡന്റ് ടി.ജി. വിജയൻ അധ്യക്ഷത വഹിച്ചു. ഉമ്മർ കുണ്ടാട്ടിൽ മുഖ്യ പ്രഭാഷണം നടത്തി.പഞ്ചായത്ത് പ്രസിഡന്റ് ഷീജ സതീഷ്, ശ്രീനിവാസൻ തൊവരിമല, സി.എ. ഗോപി, ജീനി, ബെന്നി കൈന്നിക്കൽ, ജോയി വടക്കനാട്, രാമചന്ദ്രൻ കൊട്ടനാട്, പി.വി. ഐസക്ക്, അനീഷ് പീലാക്കാവ്, ഒമന, പങ്കജം, ജയരാജൻ എന്നിവർ സംസാരിച്ചു. എ.കെ. ഗോപിനാഥൻ സ്വാഗതവും കെ.ഡി. ഷാജു നന്ദിയും പറഞ്ഞു.കരുതൽ മേഖല വിവര ശേഖരണാർഥം വീടുകളുടെയും കെട്ടിടങ്ങളുടെയും സർവേ നടപടികൾ മാനന്തവാടി നഗരസഭയിൽ ആരംഭിച്ചു. മാനന്തവാടി നഗരസഭയിലെ നാലു ഡിവിഷനുകളിലാണ് സർവേ നടത്തുന്നത്. കരുതൽ മേഖലയുമായി ബന്ധപ്പെട്ട ആശങ്കകൾ ദൂരീകരിക്കുന്നതിനും ഉപഗ്രഹ സർവേയിലെ അപാകതകൾ അധികൃതരിലേക്ക് എത്തിക്കുന്നതിനുമാണ് സർവേ നടപടികൾ ആരംഭിച്ചിരിക്കുന്നത്.നഗരസഭ പരിധിയിൽ കരുതൽ മേഖല ഏറ്റവും പ്രതികൂലമായി ബാധിക്കുന്ന പയ്യമ്പള്ളി വില്ലേജിലെ ബ്ലോക്ക് 27ൽ ഉൾപ്പെട്ട കുറുക്കൻമൂല, കാടൻക്കൊല്ലി, കുറുവ ,പയ്യമ്പള്ളി ഡിവിഷനുകളിലാണ് സർവേ. ഇതിൻറെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 25 ഏന്യുമറേറ്റർമാർക്ക് പരിശീലനവും നൽകുന്നുണ്ട്. വീടുകളിലെ സർവേ നമ്പർ, ബ്ലോക്ക് നമ്പർ, ആസ്തി വിവരങ്ങൾ എന്നിവ ശേഖരിച്ച് വനംവകുപ്പിന് കൈമാറും. നഗരസഭ വൈസ് ചെയർമാൻ ജേക്കബ് സെബാസ്റ്റ്യൻ, കൗൺസിലർ ആലിസ് സിസിൽ, നഗരസഭ, വനം, റവന്യു ജിവനക്കാർ, സബ് കമ്മിറ്റി അംഗങ്ങൾ, പരിശീലനം നേടിയ ഏന്യുമറേറ്റർമാർ എന്നിവരുടെ നേതൃത്വത്തിലാണ് സർവേ.അതേ സമയം ജിയോടാഗ് സംവിധാനത്തിനായുള്ള കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയർമെൻറ് സെൻററിൻറെ സർവർ തകരാറിലാകുന്നത് നടപടികളെ പ്രതികൂലമായി ബാധിക്കുന്നുമുണ്ട്.



## ഉന്നത കലാലയങ്ങളിൽ വയനാട്ടിലെ വിദ്യാർഥികളെ എത്തിക്കാൻ ജില്ല പഞ്ചായത്തിന്റെ 'കരിയർ പാത്ത്'

**കൽപറ്റ:** കേന്ദ്ര സർവകലാശാല പ്രവേശനത്തിന് ജില്ലയിലെ വിദ്യാർഥികൾക്ക് കൂടുതൽ അവസരമൊരുക്കാൻ ജില്ല പഞ്ചായത്ത് 'കരിയർ പാത്ത്' തുടങ്ങുന്നു. ജില്ല പഞ്ചായത്തിന്റെ സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതിയായ 'ഉയരെ'യുടെ ഭാഗമായാണ് കരിയർ പാത്ത് എന്ന പേരിൽ പദ്ധതി തുടങ്ങുന്നത്.ജില്ലയിലെ പ്ലസ് ടു വിദ്യാർഥികൾക്ക് പ്രവേശന പരീക്ഷകളിൽ ഉന്നത വിജയം നേടാനുള്ള പരിശീലനമാണ് നൽകുക. രാജീവ് ഗാന്ധി നാഷനൽ ഇൻസ്റ്റിറ്റ്യൂട്ടിലെ പൂർവ വിദ്യാർഥികളുടെ സോഷ്യൽ എൻജിനീയറിങ് ടീമായ വീകാനുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.ജില്ലയിലെ സർക്കാർ, അർധ സർക്കാർ, സ്വകാര്യ സ്കൂളുകളിലെ മുഴുവൻ ഹയർ സെക്കൻഡറി വിദ്യാർഥികളെയും പദ്ധതിയുടെ ഭാഗമാക്കും. കേന്ദ്ര സർവകലാശാലകളിൽ വയനാട് ജില്ലയിൽ നിന്ന് 1000 വിദ്യാർഥികളുടെ പ്രാതിനിധ്യം ഉറപ്പാക്കുകയാണ് പദ്ധതി ലക്ഷ്യം. വിദ്യാർഥികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ച് വിവിധ കോഴ്സുകളിൽ പ്രവേശനം നേടിയെടുക്കാൻ പദ്ധതിയിലൂടെ പരിശീലനം നൽകും.ജില്ല ആസൂത്രണ ഭവനിലെ എ.പി.ജെ ഹാളിൽ നടന്ന പ്രാഥമിക ചർച്ചയുടെ ഉദ്ഘാടനം ജില്ല പഞ്ചായത്ത് പ്രസിഡന്റ് സംഷാദ് മരക്കാർ നിർവഹിച്ചു. വൈസ് പ്രസിഡന്റ് എസ്. ബിന്ദു അധ്യക്ഷത വഹിച്ചു. പ്രോജക്ട് കോഓഡിനേറ്റർ അഖിൽ കുര്യൻ പദ്ധതി വിശദീകരിച്ചു.ജില്ല പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരംസമിതി ചെയർമാൻ എം. മുഹമ്മദ് ബഷീർ, ക്ഷേമകാര്യ സ്ഥിരംസമിതി ചെയർമാൻ ജുനൈദ് കൈപ്പാണി, വികസനകാര്യ സ്ഥിരംസമിതി ചെയർപേഴ്സൻ ഉഷ തമ്പി,പൊതുമരാമത്ത് സ്ഥിരംസമിതി ചെയർപേഴ്സൻ ബീന ജോസ്, ഹയർ സെക്കൻഡറി കോഓഡിനേറ്റർ ഷിവി കൃഷ്ണൻ, ജില്ല പഞ്ചായത്ത് സെക്രട്ടറി പി.സി. മജീദ്, മെംബർമാരായ മീനാക്ഷി രാമൻ, സീത വിജയൻ, കെ.ബി. നസീമ, ബിന്ദു പ്രകാശ്, സിന്ധു ശ്രീധർ തുടങ്ങിയവർ സംസാരിച്ചു. ചർച്ചയിൽ സ്കൂൾ പ്രിൻസിപ്പൽമാരും വിദ്യാഭ്യാസ പ്രതിനിധികളും പങ്കാളികളായി. പരിശീലനം മൂന്ന് ഘട്ടങ്ങളിലായി

ഒന്നാം ഘട്ടം

ആദ്യഘട്ടത്തിൽ ജില്ലയിലെ ഹയർ സെക്കൻഡറി വിദ്യാർഥികൾക്ക് കേന്ദ്ര-സംസ്ഥാന, മറ്റ് സ്വകാര്യ സർവകലാശാലകളിലെയും കാമ്പസ്, ലൈബ്രറി, ഫാക്കൽറ്റികൾ, വിവിധ സ്കോളർഷിപ്പുകൾ, പ്ലേസ്മെന്റുകൾ എന്നിവ ഉൾപ്പെടുത്തി ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കും. ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദഗ്ദരുടെ മേൽനോട്ടത്തിലാണ് ബോധവൽക്കരണ ക്ലാസുകൾ നടത്തുക.

രണ്ട്, മൂന്ന് ഘട്ടം

മികവ് പുലർത്തുന്ന വിദ്യാർഥികളെ ഉൾപ്പെടുത്തി രണ്ടും മൂന്നും ഘട്ടങ്ങളിൽ പ്രവേശന പരീക്ഷകൾക്കുള്ള തീവ്ര പരിശീലനം നൽകും. ഓഫ്‌ലൈനായി നടത്തുന്ന പരിശീലനത്തിൽ മോക് ടെസ്റ്റും ഹെൽപ് ഡെസ്കും ഉണ്ടാകും.

## പ്രതിഷേധവുമായി യുവജന സംഘടനകൾ; ജില്ല മാനസികാരോഗ്യ കേന്ദ്രം മാറ്റിയ ഉത്തരവ് മരവിപ്പിച്ചു

**മാനന്തവാടി:** യുവജന സംഘടനകൾ പ്രതിഷേധവുമായി എത്തിയതോടെ മെഡിക്കൽ കോളജായി ഉയർത്തിയ മാനന്തവാടി ജില്ല ആശുപത്രിയിൽ പ്രവർത്തിച്ചു വന്നിരുന്ന ജില്ല മാനസികാരോഗ്യകേന്ദ്രം കൽപറ്റ ജനറൽ ആശുപത്രിയിലേക്ക് മാറ്റിയ ഉത്തരവ് ജില്ല മെഡിക്കൽ ഓഫിസർ ഡോ.വി.കെ. രാജൻ മരവിപ്പിച്ചു.ഡിസംബർ 30നായിരുന്നു ഉത്തരവ്. ജില്ല മാനസികാരോഗ്യ പദ്ധതി കൽപറ്റയിലേക്ക് മാറ്റിക്കൊണ്ടുള്ള ഉത്തരവ് സംബന്ധിച്ച് വ്യാഴാഴ്ച 'മാധ്യമം' വാർത്ത നൽകിയിരുന്നു. വാർത്ത പുറത്തുവന്നതിന് പിന്നാലെയാണ് യുവജനസംഘടനകൾ രാവിലെ പത്തോടെ മാനന്തവാടിയിലെ ഡി.എം.ഒ ഓഫിസിലേക്ക് പ്രതിഷേധം നടത്തിയത്.യൂത്ത് കോൺഗ്രസ് പ്രവർത്തകരാണ് ആദ്യം ഡി.എം.ഒ ഓഫിസ് ഉപരോധിച്ചത്. പിന്നാലെ എ.ഐ.വൈ.എഫ് പ്രവർത്തകരുമെത്തി. ഇരുകൂട്ടരെയും പൊലീസ് തടഞ്ഞെങ്കിലും പ്രവർത്തകർ ഓഫിസിനുള്ളിലേക്ക് തള്ളിക്കയറി. ഇത് പിൻവലിക്കണമെന്നായിരുന്നു സമരക്കാരുടെ ആവശ്യം. തുടർന്ന് നടത്തിയ ചർച്ചയിൽ മരവിപ്പിച്ച ഉത്തരവ് ഡി.എം.ഒ ഇറക്കിയതോടെ പ്രതിഷേധക്കാർ സമരം അവസാനിപ്പിച്ചു. യൂത്ത് കോൺഗ്രസ് നേതാക്കളായ എം.ജി. ബിജു, എ.എം. നിഷാന്ത്, ബൈജു പുത്തൻപുരക്കൽ, വിനോദ് തോട്ടത്തിൽ, ജോയ് സി. ഷാജു, മീനാക്ഷി രാമൻ, അസീസ് വാളാട് എന്നിവർ നേതൃത്വം നൽകി. എ.ഐ.വൈ.എഫ് സമരത്തിന് നിഖിൽ പത്മനാഭൻ, കെ.പി. വിജയൻ, കെ. സജീവൻ, കെ.ബി. ജ്യോതിഷ്, കെ.വി. ഷിനോജ് എന്നിവരും നേതൃത്വം നൽകി.മാനസികാരോഗ്യ പദ്ധതി മാനന്തവാടിയിൽനിന്ന് കൽപറ്റയിലേക്ക് മാറ്റുന്നതിൽ ആശങ്ക ഉയർന്നിരുന്നു. പദ്ധതിക്ക് കീഴിൽ മാനന്തവാടി താലൂക്കിൽ അഞ്ഞൂറോളം രോഗികളാണുള്ളത്. ഇതിൽ ഇരുനൂറ് പേരും ആദിവാസി വിഭാഗത്തിൽപ്പെട്ടവരാണ്. എല്ലാ മാസവും പി.എച്ച്.സികൾ കേന്ദ്രീകരിച്ച് നടത്തുന്ന ക്യാമ്പിൽ വെച്ച് രോഗികൾക്ക് സൗജന്യമായി മരുന്ന് വിതരണം ചെയ്തു വരുകയായിരുന്നു.രണ്ട് സൈക്യാട്രിസ്റ്റുകളും ഒരു സ്റ്റാഫ് നഴ്സും ഒരു സോഷ്യൽ വർക്കറുമാണ് കേന്ദ്രത്തിൽ ഉള്ളത്. ജില്ല മാനസികാരോഗ്യ പദ്ധതിയുടെ നോഡൽ ഓഫിസറായി കൽപറ്റ ജനറൽ ആശുപത്രിയിലെ സൈക്യാട്രി വിഭാഗത്തിലെ ഡോ. ജോസ്റ്റിൻ ഫ്രാൻസിസിനെയാണ് നിയോഗിച്ചിട്ടുള്ളത്.ഭരണസൗകര്യാർഥം ജില്ല മാനസികാരോഗ്യ പദ്ധതി കൽപറ്റ ജനറൽ ആശുപത്രിയിലേക്ക് മാറ്റി സ്ഥാപിക്കണമെന്ന നോഡൽ ഓഫിസറുടെ അപേക്ഷയെ തുടർന്ന് കഴിഞ്ഞ ഡിസംബർ 30നാണ് ഡി.എം.ഒയുടെ ചുമതല വഹിച്ചിരുന്ന ഡോ. പി. ദിനീഷ് ഉത്തരവിറക്കിയത്.

## കഞ്ചാവുമായി യുവാവ് പിടിയിൽ



**സുൽത്താൻ ബത്തേരി:** കെ.എസ്.ആർ.ടി.സി ബസിൽ നിന്ന് 935 ഗ്രാം കഞ്ചാവുമായി യുവാവിനെ നൂൽപുഴ പൊലീസ് പിടികൂടി. ചൂരൽമല സ്വദേശി ദ്രാമ്പിക്കൽ മുഹമ്മദ് ഫയസിനെ (20) ആണ് എസ്.ഐ രാജുവിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘം പിടികൂടിയത്. ഗൂഡല്ലൂർ-സുൽത്താൻ ബത്തേരി കെ.എസ്.ആർ.ടി.സി ബസിൽ മൂക്കുത്തിക്കുന്നിൽ വെച്ചാണ് പൊലീസ് ബസിൽ പരിശോധന നടത്തിയത്. ഇത് സംബന്ധിച്ച് പൊലീസിന് രഹസ്യവിവരം ലഭിച്ചിരുന്നു.

# ഇന്ത്യ 7 ശതമാനം വളർച്ച കൈവരിക്കുമെന്ന് എൻഎസ്ഒ

നടപ്പ് സാമ്പത്തിക വർഷം (202223) രാജ്യത്തിന്റെ സാമ്പത്തിക വളർച്ച 7 ശതമാനം ആയിരിക്കുമെന്ന് കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് (എൻഎസ്ഒ). ആർബിഐ പ്രതീക്ഷിക്കുന്ന വളർച്ച നിരക്കിലും മുകളിലാണ് എൻഎസ്ഒ യുടെ അനുമാനം. ഇന്ത്യൻ ജിഡിപി ഇക്കാലയളവിൽ 6.8 ശതമാനം വളർച്ച കൈവരിക്കുമെന്നാണ് ആർബിഐയുടെ പ്രവചനം.2022-23ന്റെ ആദ്യ പകുതിയിൽ രാജ്യം 9.7 ശതമാനം വളർച്ച നേടിയിരുന്നു. അതേ സമയം രണ്ടാം പകുതിയിൽ സാമ്ബത്തിക വളർച്ച 4.5 ശതമാനത്തിലേക്ക് ഇടിയുമെന്നാണ് വിലയിരുത്തൽ. ഉൽപ്പാദന മേഖലയിലെ വളർച്ച 9.9ൽ നിന്ന് 1.6 ശതമാനത്തിലേക്ക് ചുരുങ്ങും. ഇത് സമ്ബദ് വ്യവസ്ഥയെ അപ്പാടെ ബാധിച്ചേക്കും. നിർമ്മാണ മേഖലയിലും ഇടിവുണ്ടാവും. അതേ സമയം കൃഷി, വാണിജ്യം, ഗതാഗതം, റിയൽ എസ്റ്റേറ്റ് തുടങ്ങി മേഖലകളിൽ വളർച്ച ഉണ്ടാവുമെന്നാണ് വിലയിരുത്തൽ.കാർഷിക മേഖലയുടെ വളർച്ച 0.5 ശതമാനം ഉയർന്ന് 3.5ൽ എത്തും. സേവന മേഖല 9 ശതമാനം വളർച്ച നേടും. രാജ്യത്തെ സ്വകാര്യ ഉപഭോഗം 7.7 ശതമാനം വളർച്ച കൈവരിക്കുമെന്നാണ് വിലയിരുത്തൽ. ഇൻവസ്റ്റ്മെന്റ് ഡിമാൻഡ് ഇക്കാലയളവിൽ 11.5 ശതമാനം ആയിരിക്കുമെന്നാണ് എൻഎസ്ഒ യുടെ വിലയിരുത്തൽ. കഴിഞ്ഞ സാമ്ബത്തിക വർഷം ഇന്ത്യ 8.7 ശതമാനം വളർച്ച നേടിയിരുന്നു. 2022-23ൽ ഇന്ത്യ 6.9 ശതമാനം വളർച്ച നേടുമെന്നാണ് ലോക ബാങ്കിന്റെ വിലയിരുത്തൽ. അന്താരാഷ്ട്ര നാണയ നിധിയുടെ അനുമാനം ഇന്ത്യൻ ജിഡിപി 6.8 ശതമാനം വളർച്ച കൈവരിക്കുമെന്നാണ്.







## ആർബിഐയുടെ ഹരിത ബോണ്ട് വഴി 16,000 കോടി സമാഹരിക്കാൻ തീരുമാനം

**ഡൽഹി:** നടപ്പ് സാമ്പത്തിക വർഷം 16,000 കോടി രൂപയുടെ ഗ്രീൻ ബോണ്ടുകൾ പുറത്തിറക്കാൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) ഒരുങ്ങുന്നു.ഇതാദ്യമായാണ് റിസർവ് ബാങ്ക് ഗ്രീൻ ബോണ്ട് പുറത്തിറക്കുന്നത്. രണ്ട് ഘട്ടങ്ങളിലായി 8,000 കോടി രൂപ വീതം സമാഹരിക്കും.ഗ്രീൻ ബോണ്ടിൻറെ ആദ്യ ഘട്ടം ജനുവരി 25ന് പുറത്തിറക്കും. 4,000 കോടി രൂപയുടെ 5 വർഷവും 10 വർഷവും കാലാവധിയുള്ള ബോണ്ടുകളാണ് ഓരോ ഘട്ടത്തിലും അവതരിപ്പിക്കുക. രണ്ടാം ഘട്ടം ഫെബ്രുവരി 9ന് നടക്കും. ഈ ബോണ്ടുകൾ വിപണിയിൽ നിന്ന് കേന്ദ്ര സർക്കാരിന്റെ മൊത്തം കടമെടുക്കലിൻറെ ഭാഗമാണ്. 2022-23 കാലയളവിൽ വിപണിയിൽ നിന്ന് 14.21 ട്രില്യൺ രൂപ സമാഹരിക്കാനാണ് കേന്ദ്രം ലക്ഷ്യമിടുന്നത്.ഗ്രീൻ ബോണ്ടിൻറെ അഞ്ച് ശതമാനം റീട്ടെയിൽ നിക്ഷേപകർക്കായി നീക്കിവയ്ക്കും. ദ്വിതീയ വിപണിയിൽ വ്യാപാരം നടത്താനുള്ള അവസരവും ഉണ്ടാകും. നിബന്ധനകൾ റിസർവ് ബാങ്ക് ഇഷ്യൂ ചെയ്യുന്ന പതിവ് ബോണ്ടുകൾക്ക് സമാനമാണ്. ആഗോളതലത്തിൽ സുസ്ഥിര വികസന പ്രവർത്തനങ്ങൾക്ക് മൂലധനം സമാഹരിക്കുന്നതിന് വിവിധ രാജ്യങ്ങൾ ഹരിത ബോണ്ടുകൾ പുറത്തിറക്കുന്നുണ്ട്. ഈ ബോണ്ടുകളുടെ വരുമാനം കാർബൺ ബഹിർഗമനം കുറയ്ക്കാൻ സഹായിക്കുന്ന പൊതുമേഖലാ പദ്ധതികൾക്കായി ഇന്ത്യ വിനിയോഗിക്കും. 2070 ഓടെ നെറ്റ് കാർബൺ സീറോ രാജ്യമായി മാറാനാണ് ഇന്ത്യ ലക്ഷ്യമിടുന്നത്.



## കിഡ്സ് ഫാഷൻ എക്സ്പോ പത്തുമുതൽ നെടുമ്പാശേരിയിൽ

**കൊച്ചി:** കുട്ടികൾക്ക് മാത്രായുള്ള കേരളത്തിലെ ആദ്യത്തെ കിഡ്സ് ഫാഷൻ എക്സ്പോ 10മുതൽ 12 വരെ നെടുമ്ബാശേരിയിൽ നടക്കും.കെടിജിഎ സംസ്ഥാന പ്രസിഡൻറ് ടി.എസ്. പട്ടാഭിരാമൻ എക്സ്പോ ഉദ്ഘാടനം ചെയ്യും. സിയാൽ കൺവൻഷൻ സെൻററിൽ നടക്കുന്ന എക്സ്പോയിൽ നൂറോളം ദേശീയ അന്തർദേീയ കിഡ്സ് ബ്രാൻഡുകൾ പ്രദർശനത്തിനെത്തുമെന്ന് സംഘാടകർ പത്രസമ്മേളനത്തിൽ പറഞ്ഞു. എക്സ്പോയുടെ ഭാഗമായി കുട്ടികൾക്കായുള്ള ഫാഷൻഷോ, അവാർഡ് നൈറ്റ് എന്നിവയും അരങ്ങേറും.കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന പരസ്യക്കമ്ബനിയായ ആഡ് ഹൗസ് -ഐഎഫ്എഫ് ആണ് എക്സ്പോ സംഘടിപ്പിക്കുന്നത്.സംസ്ഥാനത്തെ ആദ്യത്തെ കിഡ്സ് ഫാഷൻ എക്സ്പോ ആണിതെന്ന് സംഘാടകർ അവകാശപ്പെട്ടു. സമീർ മൂപ്പൻ, സാദ്ദിഖ്, ഷാനവാസ്, മർസൂഖ് തുടങ്ങിയവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.




## വാർഷിക വില്പന ലക്ഷം യൂണിറ്റാക്കുമെന്ന് സ്കോഡ

**കൊച്ചി:** സ്കോഡ ഇന്ത്യ 2025ൽ വാർഷിക വില്പന ഒരു ലക്ഷത്തിലെത്തിക്കുമെന്ന് കന്പനി. കഴിഞ്ഞവർഷം 53,271 കാറുകളാണു ഇന്ത്യയിൽ വിറ്റത്. ആഗോളതലത്തിൽ സ്കോഡയുടെ മികച്ച മൂന്നാമത്തെ വിപണിയാണ് ഇന്ത്യയെന്നും കന്പനി വ്യക്തമാക്കി.





# വ്യത്യസ്ത ലുക്കുകളിൽ മാസ്സായി നന്ദമുറി ബാലകൃഷ്ണ; നിർണായക വേഷത്തിൽ ഹണി റോസ്; വീര സിംഹ റെഡ്ഡി ട്രെയിലർ പുറത്ത്

നന്ദമുറി ബാലകൃഷ്ണ നായകനായി എത്തുന്ന 'വീര സിംഹ റെഡ്ഡി' എന്ന ചിത്രത്തിന്റെ ട്രെയിലർ പുറത്ത്. ശ്രുതി ഹാസനാണ് ചിത്രത്തിലെ നായിക. മലയാളത്തിൽ നിന്ന് നടി ഹണി റോസും നടൻ ലാലും ചിത്രത്തിൽ കേന്ദ്രകഥാപാത്രങ്ങളാകുന്നുണ്ട്. വരലക്ഷ്മി ശരത്കുമാറാണ് മറ്റൊരു പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നത്.അഖണ്ഡ എന്ന വിജയ ചിത്രത്തിന് ശേഷം നന്ദമുറി ബാലകൃഷ്ണ നായകനായി എത്തുന്ന ചിത്രമാണ് 'വീര സിംഹ റെഡ്ഡി'. ഗോപിചന്ദ് മലിനേനിയാണ് ചിത്രത്തിന്റെ രചനയും സംവിധാനവും നിർവഹിക്കുന്നത്. കുർണൂൽ ആണ് സിനിമയുടെ പ്രധാന ലൊക്കേഷൻ. ബിഗ് ബജറ്റിലാണ് ചിത്രം ഒരുങ്ങുന്നത്. മൈത്രി മൂവി മേക്കേഴ്സിന്റെ ബാനറിൽ നവീൻ യെർണേനി, രവിശങ്കർ യലമൻചിലി എന്നിവരാണ് ചിത്രം നിർമിക്കുന്നത്.റിഷി പഞ്ചാബിയാണ് ചിത്രത്തിന്റെ ഛായാഗ്രാഹകൻ. സംഭാഷണങ്ങൾ ഒരുക്കിയിരിക്കുന്നത് സായ് മാധവ് ബുറയാണ്. നവീൻ നൂലി ആണ് എഡിറ്റർ. രവി തേജ നായകനായ ഡോൺ സീനു എന്ന ചിത്രത്തിലൂടെ സംവിധാന രംഗത്ത് എത്തിയ ആളാണ് ഗോപിചന്ദ് മലിനേനി. വീര സിംഹ റെഡ്ഡി ജനുവരി 12ന് തീയറ്ററുകളിൽ എത്തും.

## തീയറ്ററിൽ കാണേണ്ട ചിത്രം; അമിത് തിളങ്ങി; 'തേര്' മികച്ച ത്രില്ലറെന്ന് പ്രേക്ഷകർ

അമിത് ചക്കാലക്കൽ നായകനായി എത്തിയ തേരിന് മികച്ച പ്രതികരണം. ഒരു ഫാമിലി, ത്രില്ലർ ചിത്രമാണ് തേര് എന്നാണ് പ്രേക്ഷകരുടെ അഭിപ്രായം. ചിത്രത്തിലെ ചില രംഗങ്ങൾ പലർക്കും റിലേറ്റ് ചെയ്യാൻ കഴിയും. കേരത്തിൽ നടന്ന ചില സംഭവങ്ങളാണ് ചിത്രത്തിൽ കടന്നു വരുന്നത്. ഒരു മികച്ച ത്രില്ലർ എന്ന നിലയിൽ തേര് തീയറ്ററിൽ തന്നെ കാണണമെന്നും പ്രേക്ഷകരിൽ ചിലർ അഭിപ്രായപ്പെട്ടു. അമിത് ചക്കാലക്കൽ, കലാഭവൻ ഷാജോൺ, ബാബുരാജ് തുടങ്ങിയവരുടെ അഭിനയം മികച്ചു നിന്നു എന്ന് പ്രേക്ഷകർ അഭിപ്രായപ്പെട്ടു. ചിത്രത്തിലെ ഫൈറ്റ് രംഗങ്ങളെല്ലാം മികച്ചു നിന്നു. മികച്ച മേക്കിംഗിനൊപ്പം എൻഗേജ് ചെയ്യിക്കുന്ന ബിജിഎമ്മാണ് ചിത്രത്തിലേതെന്നും ചിത്രം കണ്ടിറങ്ങിയവരിൽ ചിലർ അഭിപ്രായപ്പെട്ടു.എസ്.ജെ സിനു ആണ് തേരിന്റെ സംവിധായകൻ. ജീവിതയാഥാർഥ്യങ്ങൾക്കു മുന്നിൽ പകച്ചുപോയ ഒരുകൂട്ടം മനുഷ്യരുടെ പകയുടെയും പ്രതികാരത്തിന്റെയും കഥയാണ് ചിത്രം പറയുന്നത്. കുടുംബപശ്ചാത്തലത്തിലുള്ള ചിത്രം നീതി കാത്തു സൂക്ഷിക്കേണ്ടവരുടെ ഭാഗത്തു നിന്ന് ഉണ്ടായ വീഴ്ചയിൽ അതിജീവനം നടത്തുന്ന സാധാരണക്കാരുടെ കഥയിലേക്കാണ് വിരൽചൂണ്ടുന്നത്. സഞ്ജു ശിവറാം, അസീസ് നെടുമങ്ങാട്, പ്രശാന്ത് അലക്സാണ്ടർ, സ്മിനു സിജോ, നിലജാ ബേബി, റിയാ സൈറ, വീണാ നായർ എന്നിവരും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നു. ദിനിൽ പി.കെയുടേതാണ് തിരക്കഥ. ചിത്രത്തിന്റെ ഛായാഗ്രഹണം നിർവഹിച്ചിരിക്കുന്നത് ടിഡി ശ്രീനിവാസനാണ്. സംഗീത സംവിധാനം യാക്സണും നേഹയും ചേർന്നാണ് നിർവഹിച്ചിരിക്കുന്നത്. എക്സിക്യൂട്ടിവ് പ്രൊഡ്യൂസർ: തോമസ് പി മാത്യൂ, എഡിറ്റർ: സംജിത് മുഹമ്മദ്, ആർട്ട്: പ്രശാന്ത് മാധവ്, പ്രൊഡക്ഷൻ കൺട്രോളർ: ബിജു കെ തോമസ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ: അനിരുദ്ധ് സന്തോഷ്, കളറിസ്റ്റ് ലിജു പ്രഭാകർ, മേക്കപ്പ് ആർ ജി വയനാടൻ, വസ്ത്രാലങ്കാരം അരുൺ മനോഹർ, അസ്സോസിയേറ്റ് ഡയറക്ടർ അനിരുദ്ധ് സന്തോഷ്, ഡിസൈൻസ് മനു ഡാവിഞ്ചി, സ്റ്റിൽസ് രാംദാസ് മാത്തൂർ. പി ആർ ഓ : പ്രതീഷ് ശേഖർ.





## 12,000 കോടി വാരി അവതാർ

അവതാർ 2 ന്റെ ആഗോള കളക്ഷൻ 1.5 ബില്യൺ ഡോളർ. (12,341 കോടി രൂപ) അവതാറിന്റെ രണ്ടാം ഭാഗമായ അവതാർ 2- ദ് വേ ഒഫ് വാട്ടർ ഗംഭീര കളക്ഷൻ നേടുന്നതിനാൽ 3, 4, 5 ഭാഗങ്ങൾ ഉണ്ടാകുമെന്ന് സംവിധായകൻ ജെയിംസ് കാമുറൂൺ.അവതാർ 2ന് മുടക്കുമുതൽ തിരിച്ചുപിടിക്കണമെങ്കിൽ രണ്ട് ബില്യൺ ഡോളർ എങ്കിലും നേടണമെന്നും എന്നാൽ മാത്രമേ തുടർ ഭാഗങ്ങളുടെ നിർമ്മാണം സാദ്ധ്യമാക്കാനാകുവെന്നും കാമറൂൺ പറഞ്ഞിരുന്നു.കേരളത്തിലും അവതാർ 2 കളക്ഷൻ റെക്കോർഡ് ഭേദിക്കുകയാണ്.അവതാർ 3 ന്റെ ചിത്രീകരണം പൂർത്തിയായതാണ് .നാല്, അഞ്ച് ഭാഗങ്ങളുടെ രചനയും പൂർത്തിയായി. നാലാം ഭാഗത്തിന്റെ ചില രംഗങ്ങളുടെ ചിത്രീകരണവും നടന്നിട്ടുണ്ട്.

## തീയറ്ററുകളിൽ ചിരിപടർത്തി 'ന്നാലും ന്റെളിയാ'

സുരാജ് വെഞ്ഞാറമ്മൂട് നായകനായി എത്തിയ ന്നാലും ന്റെളിയാ തീയറ്ററുകളിൽ എത്തിയിരിക്കുകയാണ്. ഏറെ നാളുകൾക്ക് ശേഷം സുരാജ് വെഞ്ഞാറമ്മൂട് കോമഡി കഥാപാത്രം ചെയ്യുന്നു എന്ന പ്രത്യേകതയോടെയാണ് ചിത്രമെത്തിയത്. അത് ശരിയവയ്ക്കുന്നതാണ് തീയറ്ററുകളിൽ നിന്ന് ലഭിക്കുന്ന പ്രതികരണം. കോമഡി കൈകാര്യം ചെയ്യുന്ന പഴയ സുരാജിനെ കണ്ട സന്തോഷത്തിലാണ് പ്രേക്ഷകർ. സിദ്ധിഖ് -ലെന കോമ്പിനേഷനാണ് ചിത്രത്തിൽ പ്രശംസിക്കപ്പെട്ട മറ്റൊന്ന്. ചിത്രത്തിലുടനീളം ഇവരുടെ കോമ്പോ ചിരിപടർത്തിയെന്ന് പ്രേക്ഷകർ അഭിപ്രായപ്പെട്ടു. നാളുകൾക്ക് ശേഷമാണ് ഇത്തരത്തിൽ ചിരിപടർത്തുന്ന ചിത്രം കണ്ടതെന്ന് അഭിപ്രായപ്പെട്ടവരുമുണ്ട്.ബാഷ് മൊഹമ്മദ് ആണ് ചിത്രം സംവിധാനം ചെയ്യുന്നത്. മാജിക് ഫ്രയിംസിന്റെ ബാനറിൽ ലിസ്റ്റിൻ സ്റ്റീഫൻ ആണ് ചിത്രം നിർമിക്കുന്നത്. ഗായത്രി അരുൺ, ലെന, മീര നന്ദൻ, ജോസ്ക്കുട്ടി, അമൃത, സുധീർ പറവൂർ എന്നിവർ ചിത്രത്തിലെ മറ്റ് കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. ബാഷ് മൊഹമ്മദും ശ്രീകുമാർ അറയ്ക്കലും ചേർന്നാണ് ചിത്രത്തിന്റെ തിരക്കഥയൊരുക്കിയിരിക്കുന്നത്. പ്രകാശ് വേലായുധനാണ് ക്യാമറ കൈകാര്യം ചെയ്തിരിക്കുന്നത്.എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ- സന്തോഷ് കൃഷ്ണൻ, മ്യൂസിക്- വില്യം ഫ്രാൻസിസ്, ഷാൻ റഹ്മാൻ, എഡിറ്റിംഗ്- മനോജ്, ഗാനരചന-ഹരിനാരായണൻ, സൗണ്ട് ഡിസൈൻ- ശ്രീജേഷ് നായർ, ഗണേഷ് മാരാർ, അസോസിയേറ്റ് ഡയറക്ടർ- പാർത്ഥൻ, പ്രൊഡക്ഷൻ ഡിസൈനർ- അജി കുട്ടിയാണി, ലൈൻ പ്രൊഡ്യൂസർ- ഹാരിസ് ദേശം, പ്രൊഡക്ഷൻ കൺട്രോളർ- റിന്നി ദിവാകർ, കോസ്റ്റിയൂം- ഇർഷാദ് ചെറുകുന്ന്, മേക്കപ്പ് -സജി കാട്ടാക്കട, അഡ്മിനിസ്ട്രേഷൻ & ഡിസ്ട്രിബ്യൂഷൻ ഹെഡ്- ബബിൻ ബാബു, വി.എഫ്.എക്സ്.- കോക്കനട്ട് ബെഞ്ച്, മാർക്കറ്റിങ് സ്ട്രാറ്റജി ബിനു ബ്രിങ് ഫോർത്ത്, പി.ആർ.ഒ.- വാഴൂർ ജോസ്, സ്റ്റിൽ- പ്രേംലാൽ, വിതരണം- മാജിക് ഫ്രയിംസ് ഫിലിംസ്, മാർക്കറ്റിങ് ഏജൻസി- ഒബ്സ്ക്യൂറ, ഡിസൈൻ- ഓൾഡ് മങ്ക് എന്നിവരാണ് മറ്റ് അണിയറപ്രവർത്തകർ.



# അത്‌ലറ്റികോ മാഡ്രിഡ് വിടാൻ ഫെലിക്സ് കണ്ണ് വെച്ചു പ്രീമിയർ ലീഗ് ക്ലബ്ബുകൾ




ജാവോ ഫെലിക്സ് അത്‌ലറ്റികോ മാഡ്രിഡ് വിടുമെന്ന് ഏകദേശം ഉറപ്പായിരിക്കുകയാണ്. കോച്ച് സിമിയോണിയുമായുള്ള ബന്ധം വഷളായതിന് പിറകെ താരം ജനുവരിയിൽ തന്നെ ടീം വിട്ടേക്കുമെന്ന് സൂചനകൾ ഉണ്ടായിരുന്നു.ഫെലിക്സിന് വേണ്ടി പ്രീമിയർ ലീഗ് വമ്പന്മാർ മുന്നോട്ടു വരുമെന്ന് ഫാബ്രിസിയോ റോമാനോ റിപ്പോർട്ട് ചെയ്യുന്നു. മാഞ്ചസ്റ്റർ യുണൈറ്റഡ്, ആഴ്സനൽ എന്നിവരാണ് നിലവിൽ പോർച്ചുഗൽ താരത്തിൽ താല്പര്യം പ്രകടിപ്പിക്കുന്നത്. ഇരു ടീമുകളും ഫെലിക്സിന്റെ ഏജന്റായ മെന്റെസുമായി ചർച്ചകൾ നടത്തിയിട്ടുണ്ടെന്നും റിപോർട്ടിൽ പറയുന്നു. എൻസോ ഫെർണാണ്ടസിന് വേണ്ടിയുള്ള നീക്കം നടത്തികൊണ്ടിരിക്കുന്ന ചെൽസിയുടെയോ പിഎസ്ജിയുടെയോ റഡാറിൽ നിലവിൽ താരമില്ല.ലീഗിൽ മുൻപേ കുതിക്കുന്ന ആഴ്സനലിന് അറ്റാക്കിൽ ഫെലിക്സിനെ എത്തിക്കാൻ കഴിഞ്ഞാൽ അത് വലിയ നേട്ടമാകും. ഗബ്രിയേൽ ജീസസ് പരിക്കേറ്റ് പുറത്തായ സാഹചര്യത്തിൽ, ഫെലിക്സിന്റെ വരവ് ടീമിന് ഗുണം ചെയ്യും. അതേ സമയം ജനുവരിയിൽ ലോണിലാവും ഫെലിക്സ് അത്‌ലറ്റികോ വിടുക. സ്പാനിഷ് ടീം ആവശ്യപ്പെടുന്ന ലോൺ തുക വളരെ ഉയർന്നതാണെന്ന് ഇംഗ്ലീഷ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. സീസൺ കഴിയുന്നത് വരെയുള്ള താരത്തിന്റെ സാലറി കൂടി ആവുമ്പോൾ ഇത്രയും തുക ടീമുകൾ മുടക്കാൻ തയ്യാറാകുമോ എന്നത് സംശയമാണ്. റൊണാൾഡോ ടീം വിട്ട ശേഷം മുന്നേറ്റത്തിൽ പകരക്കാരെ തേടുന്ന യുണൈറ്റഡിനും ഫെലിക്സിനെ എത്തിക്കാൻ കഴിഞ്ഞാൽ ആശ്വാസമാവും.അതേ സമയം ലോകകപ്പ് ഇടവേള കഴിഞ്ഞുള്ള ആദ്യ മത്സരത്തിൽ തന്നെ ഫെലിക്സിനെ സിമിയോണി ആദ്യ ഇലവനിൽ ഇറക്കിയിരുന്നു. ഒരു ഗോൾ നേടിയതടക്കം മികച്ച പ്രകടനമാണ് ഫെലിക്സ് പുറത്തെടുത്തത്. ലോകകപ്പിന് മുൻപ് താരത്തെ സ്ഥിരമായി ബെഞ്ചിൽ നിന്നായിരുന്നു സിമിയോണി ഇറക്കിയിരുന്നത്.



# ലാ ലിഗയിൽ വീണ്ടും വംശീയക്കളി

## വിനീഷ്യസിനെതിരെ കുപ്പിയേറും തെറിവിളിയും

ബ്രസീൽ സൂപർ താരം വിനീഷ്യസ് ജൂനിയറിനെ ലക്ഷ്യമിട്ട് കഴിഞ്ഞ ദിവസമുണ്ടായ വംശീയധിക്ഷേപത്തിൽ പ്രതിഷേധം കനത്തതോടെ വിശദീകരണവുമായി ക്ലബ്.റയൽ വയ്യഡോളിഡ് മൈതാനമായ ഹോസെ സോറില്ലയിൽ റയൽ മഡ്രിഡുമായി നടന്ന മത്സരത്തിനിടെയാണ് താരം വംശീയാധിക്ഷേപത്തിനിരയായത്. പകരക്കാരനായി മൈതാനത്തെത്തിയ ഉടനായിരുന്നു കുപ്പികളെറിഞ്ഞും തെറി വിളിച്ചും വയ്യഡോളിഡ് ആരാധകരിൽ ചിലർ വംശീയാധിക്ഷേപം ചൊരിഞ്ഞത്.ലോകത്തെ ഏറ്റവും വലിയ ക്ലബ് കളിക്കുന്ന മൈതാനങ്ങളിൽ ഇപ്പോഴും വംശവെറിയന്മാർ എത്തുകയാണെന്നും ലാ ലിഗ ഒന്നും ചെയ്യുന്നില്ലെന്നും വിനീഷ്യസ് കുറ്റപ്പെടുത്തി. തന്റെയും റയലിന്റെയും വിജയങ്ങൾ ഇനിയും ആഘോഷമാക്കുമെന്നും തല ഉയർത്തിപ്പിടിച്ചുതന്നെ നിൽക്കുമെന്നും താരം തുടർന്നു.വയ്യഡോളിഡ് മൈതാനത്തെ വംശീയാധിക്ഷേപത്തിനെതിരെ പ്രതിഷേധം ശക്തമായതോടെ സംഭവത്തെ അപലപിച്ച് ക്ലബ് രംഗത്തെത്തി. വെള്ളിയാഴ്ച നടന്ന മത്സരത്തെ കുറിച്ച് അന്വേഷണം ആരംഭിച്ചതായും ഏതുതരത്തിലുള്ള വംശവെറിയും അപലപിക്കുന്നതായും ക്ലബ് വാർത്ത കുറിപ്പിൽ അറിയിച്ചു.മുമ്പും പലവട്ടം വിനീഷ്യസ് ഉൾപ്പെടെ താരങ്ങൾ കടുത്ത വംശവെറിക്കിരയായിരുന്നു.



# പ്യൂട്ടിയക്ക് പകരം ആളെ കണ്ടെത്തി കഴിഞ്ഞു എന്ന് കേരള ബ്ലാസ്റ്റേഴ്സ് കോച്ച്

കേരള ബ്ലാസ്റ്റേഴ്സ് വിട്ട മധ്യനിര താരം പ്യൂട്ടിയക്ക് പകരം ആളെ കണ്ടെത്തി കഴിഞ്ഞു എന്ന് കേരള ബ്ലാസ്റ്റേഴ്സ് പരിശീലകൻ ഇവാൻ വുകമാനോവിച്.പ്യൂട്ടിയ ജനുവരി ഒന്നോടെ കേരള ബ്ലാസ്റ്റേഴ്സ് വിട്ട് എ ടി കെ മോഹൻ ബഗാന്റെ താരമായി മാറിയിരുന്നു. പ്യൂട്ടിയ ക്ലബ് വിടുന്നതിന് മുമ്പ് തന്നെ പകരക്കാരനെ ക്ലബ് കണ്ടെത്തിയിരുന്നു എന്ന് ഇവാൻ പറഞ്ഞു. എന്നാൽ അതാരാണെന്നോ പുതിയ താരത്തെ സൈൻ ചെയ്തു കഴിഞ്ഞോ എന്നോ വ്യക്തമാക്കാൻ ഇവാൻ തയ്യാറായില്ല.പുതിയ സൈനിംഗ് ഉടൻ ഉണ്ടാകും എന്നും ഇവാൻ പറഞ്ഞു. പ്യൂട്ടിയക്ക് പകരക്കാരൻ ഉള്ള താരങ്ങൾ ഞങ്ങളുടെ ഇപ്പോഴത്തെ സ്ക്വാഡിൽ തന്നെ ഉണ്ടെന്നും അവിടെ നിന്നും പകരക്കാരനെ കണ്ടെത്താം എന്നും കോച്ച് പറഞ്ഞു. പ്യൂട്ടിയ ക്ലബ് വിടുന്നത് മുന്നിൽ കണ്ട് ക്ലബ് നേരത്തെ തന്നെ തയ്യാറായി നിന്നിരുന്നു എന്നും കോച്ച് ഇന്ന് മാധ്യമങ്ങളോട് പറഞ്ഞു.



# ന്യൂസിലാണ്ടിന്റെ താളം തെറ്റിച്ച് അഘ സൽമാന്റെ മൂന്ന് വിക്കറ്റുകൾ

പാക്കിസ്താനെതിരെ മികച്ച നിലയിൽ മുന്നേറുകയായിരുന്നു ന്യൂസിലാണ്ടിന്റെ താളം തെറ്റിച്ച് അഘ സൽമാൻ. ടോം ലാഥമും ഡെവൺ കോൺവേയും ഒന്നാം വിക്കറ്റിൽ 134 റൺസ് നേടി ന്യൂസിലാണ്ടിന് മികച്ച തുടക്കം നൽകിയപ്പോൾ നസീം ഷാ 71 റൺസ് നേടിയ നസീം ഷായെ വിക്കറ്റിന് മുന്നിൽ കുടുക്കി പാക്കിസ്ഥാന് ആദ്യ നേട്ടം സമ്മാനിച്ചു.പിന്നീട് ഡെവൺ കോൺവേയും കെയിൻ വില്യംസണും രണ്ടാം വിക്കറ്റിൽ നൂറ് റൺസ് കൂടി കൂട്ടിചേർത്തുവെങ്കിലും 122 റൺസ് നേടിയ കോൺവേയെ പുറത്താക്കി അഘ സൽമാൻ കൂട്ടുകെട്ട് തകർക്കുകയായിരുന്നു.കെയിൻ വില്യംസണെ തൊട്ടടുത്ത ഓവറിൽ നസീം ഷാ പുറത്താക്കിയപ്പോൾ താരം 36 റൺസാണ് നേടിയ്. ഹെൻറി നിക്കോൾസിനെയും(26), ഡാരിൽ മിച്ചലിനെയും(3) സൽമാൻ പുറത്താക്കിയപ്പോൾ 234/1 എന്ന നിലയിൽ നിന്ന് ന്യൂസിലാണ്ട് 278/5 എന്ന നിലയിലേക്ക് വീണു.മൈക്കൽ ബ്രേസ്‌വെല്ലിനെ അബ്രാർ അഹമ്മദ് പൂജ്യത്തിന് പുറത്താക്കിയതോടെ ന്യൂസിലാണ്ടിന് ആറാം വിക്കറ്റും നഷ്ടമായി. ഒന്നാം ദിവസം കളി അവസാനിക്കുമ്പോൾ ന്യൂസിലാണ്ട് 309/6 എന്ന നിലയിലാണ്. 30 റൺസ് നേടിയ ടോം ബ്ലണ്ടൽ - ഇഷ് സോധി കൂട്ടുകെട്ടാണ് ന്യൂസിലാണ്ടിനെ മുന്നൂറ് കടത്തിയത്. ടോം ബ്ലണ്ടൽ 30 റൺസും ഇഷ് സോധി 11 റൺസും നേടിയാണ് ക്രീസിലുള്ളത്.

EDITORS CHOICE



# രാവണന്റെ പേരിൽ അറിയപ്പെടുന്ന അപൂർവസ്ഥലം

ഇന്ത്യയിൽ തന്നെ രാവണന്റെ പേരിൽ അറിയപ്പെടുന്ന അപൂർവസ്ഥലമാണ് കാസർഗോട്ടെ രാവണേശ്വരം.തമിഴ്നാട്ടിലുള്ളത് രാമേശ്വരമാണെങ്കിൽ രാവണന്റെ പേരിൽ അറിയപ്പെടുന്ന അപൂർവസ്ഥലമാണിത്.രാവണൻ ഉഡുപ്പിയിൽ നിന്നെത്തി ഇവിടെ ധ്യാനത്തിലിരുന്നു എന്നാണ് വിശ്വാസം. ലങ്കയിൽ കൊടിയ ദാരിദ്ര്യവും വരൾച്ചയും വന്നകാലം. പുഷ്പകവിമാനത്തിൽ കൈലാസത്തിലെത്തി രാവണൻ ആത്മലിംഗം ആവശ്യപ്പെട്ടു.നൽകാൻ പരമിശിവൻ തയ്യാറായി. എന്നാൽ ആത്മലിംഗം കടൽകടന്നാൽ ഭാരതഭൂഖണ്ഡത്തിൽ വരൾച്ച വരും എന്ന് ഗംഗാദേവി ഉപദേശിച്ചു.യാത്രയ്ക്കിടയിൽ ആത്മലിംഗം നിലത്തുവയ്ക്കരുത് എന്ന ഉപദേശത്തോടെ പരമശിവൻ കൈമാറുന്നു. ഗോകർണമെത്തിയപ്പോൾ രാവണൻ നിലത്തിറങ്ങിയതോടെ ശിവലിംഗം അവിടെ ഉറച്ചു. നിരാശനായി തെക്കോട്ടു നടന്ന രാവണൻ രാവണേശ്വരത്തെത്തി ശിവനെ തപസ്സുചെയ്തു.തപസ്സുചെയ്തതെന്നു വിശ്വസിക്കുന്ന ഗുഹ ഇവിടെ ഇപ്പോഴും പരിപാലിക്കുന്നുണ്ട്. രാവണേശ്വരം പെരുംതൃക്കോവിൽ ഉത്തരമലബാറിലെ പ്രശസ്തമായ ക്ഷേത്രങ്ങളിൽ ഒന്നാണ്.തളിപ്പറമ്പ് രാജരാജേശ്വരക്ഷേത്രം പോലെ ഇവിടെയും പെരുംതൃക്കോവിൽ അപ്പനാണ് പ്രതിഷ്ഠ.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com